2025 APRIL
02
WEDNESDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

# തീരുവ യുദ്ധത്തിന് തിരികൊളുത്തി അമേരിക്ക; ട്രംപിന്റെ പകരച്ചുങ്കം പ്രഖ്യാപനം ഇന്ന്

**വാഷിങ്ടൺ:** ആഗോളവിപണി ആശങ്കയോടെ കാത്തിരിക്കുന്ന യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ പകരച്ചുങ്കപ്രഖ്യാപനം ബുധനാഴ്ച. ഇറക്കുമതിചെയ്യുന്ന മൂന്നുലക്ഷംകോടി ഡോളറിന്റെ ഉത്പന്നങ്ങളിൽ ഭൂരിഭാഗത്തിനും 20 ശതമാനം തീരുവയാകും ട്രംപ് ചുമത്തുകയെന്ന് 'വാഷിങ്ടൺ പോസ്റ്റ്' റിപ്പോർട്ടു ചെയ്തു. പകരച്ചുങ്കം സംബന്ധിച്ച വൈറ്റ്ഹൗസിന്റെ കരടുരേഖ ഉദ്ധരിച്ചുള്ള റിപ്പോർട്ടാണിത്.



എന്നാൽ, നൂറുശതമാനത്തിലധികം തീരുവയുള്ള ഉത്പന്നങ്ങൾക്കും 20 ശതമാനംതന്നെയാകുമോ പകരച്ചുങ്കമെന്ന കാര്യം വ്യക്തമല്ല. അതേസമയം, തീരുവക്കാര്യത്തിൽ താൻ ദയാലുവായിരിക്കുമെന്ന് ട്രംപ് പറഞ്ഞു. ഏറ്റവും വലിയ സമ്പദ്‌വ്യവസ്ഥയായ യുഎസിനെ എല്ലാരാജ്യങ്ങളും കാലങ്ങളായി ചതിക്കുകയായിരുന്നെന്നും ട്രംപ് പറഞ്ഞു. അധികാരത്തിലേറിയതിനുപിന്നാലെ, കാനഡ, മെക്സിക്കോ, ചൈന എന്നീ രാജ്യങ്ങളിൽനിന്നുള്ള ഉത്പന്നങ്ങൾക്ക് അധികതീരുവ ചുമത്തി ട്രംപ് വ്യാപാരയുദ്ധത്തിന് തുടക്കമിട്ടിരുന്നു.

അതേസമയം, യുഎസ് ഉത്പന്നങ്ങൾക്കുള്ള ഇറക്കുമതിത്തീരുവ ഇന്ത്യ ഗണ്യമായി കുറയ്ക്കാൻ പോകുന്നെന്നാണ് താൻ അറിഞ്ഞതെന്ന് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ്. അവർ എന്തുകൊണ്ട് ഇത് നേരത്തേ ചെയ്തില്ലെന്നും ട്രംപ് ചോദിച്ചു. യുഎസിന്റെ പകരച്ചുങ്കം രാജ്യങ്ങളെ ചൈനയ്ക്കൊപ്പം ചേരാൻ നിർബന്ധിതരാക്കുമോയെന്നു ചോദിച്ചപ്പോൾ തനിക്ക് അത്തരം ആശങ്കയില്ലെന്ന് ട്രംപ് പറഞ്ഞു. യുഎസിനുമേൽ വർഷങ്ങളായി നീതിപൂർവമല്ലാതെ തീരുവ ചുമത്തുന്ന പലരാജ്യങ്ങളും അതു കുറയ്ക്കാൻ തയ്യാറാകുമെന്നും അദ്ദേഹം പറഞ്ഞു.

യുഎസ് നിർമിത കാറുകൾക്കുള്ള തീരുവ യൂറോപ്യൻ യൂണിയൻ ഇതിനകം 2.5 ശതമാനം കുറച്ചത് അദ്ദേഹം ചൂണ്ടിക്കാട്ടി. പകരച്ചുങ്കത്തിനുപുറമേ വാഹനങ്ങൾക്കുള്ള 25 ശതമാനം ഇറക്കുമതിത്തീരുവയും വെനസ്വേലയിൽനിന്ന് എണ്ണവാങ്ങുന്ന രാജ്യങ്ങൾക്കുള്ള 25 ശതമാനം ഇറക്കുമതിത്തീരുവയും ബുധനാഴ്ച പ്രാബല്യത്തിലാകും. ആഗോളവിപണിയെ പിടിച്ചുലയ്ക്കാൻപോന്ന പ്രഖ്യാപനത്തെ ആശങ്കയോടെയാണ് ലോകം ഉറ്റുനോക്കുന്നത്. തീരുമാനം യുഎസിന്റെ സമ്പദ്‌വ്യവസ്ഥയെ ശക്തിപ്പെടുത്തുമെന്നും ഏപ്രിൽ രണ്ട് 'വിമോചനദിന'മായിരിക്കുമെന്നുമാണ് ട്രംപ് പറഞ്ഞത്.

ഇന്ത്യയുൾപ്പെടെയുള്ള രാജ്യങ്ങൾ ഉയർന്ന തീരുവ ചുമത്തുന്നത് അവിടങ്ങളിലേക്കുള്ള യുഎസിന്റെ കയറ്റുമതി അസാധ്യമാക്കിയെന്ന് വൈറ്റ്ഹൗസ് മാധ്യമസെക്രട്ടറി കരോലിൻ ലീവിറ്റ് കുറ്റപ്പെടുത്തിയിരുന്നു. "യുഎസിൽനിന്നുള്ള പാലുത്പന്നങ്ങൾക്ക് യൂറോപ്യൻ യൂണിയൻ 50 ശതമാനം തീരുവ ചുമത്തുന്നു. ജപ്പാൻ അമേരിക്കൻ അരിക്ക് ചുമത്തുന്നത് 700 ശതമാനമാണ്. ഇന്ത്യയാകട്ടെ കാർഷികോത്പന്നങ്ങൾക്ക് 100 ശതമാനവും കാനഡ വെണ്ണയ്ക്കും ചീസിനും 300 ശതമാനവും തീരുവ ചുമത്തുന്നു. ചരിത്രപരമായ മാറ്റംകൊണ്ടുവരാൻ, അമേരിക്കൻ ജനതയ്ക്കായി ശരിയായതു ചെയ്യാൻ പ്രസിഡന്റ് ട്രംപിനുള്ള അവസരമാണിത്" ലീവിറ്റ് പറഞ്ഞു.

# കെഎസ്ആർടിസി കൊറിയർ സർവീസ് സ്വകാര്യ മേഖലയെ ഏൽപ്പിക്കുന്നു

**തിരുവനന്തപുരം:** കെഎസ്ആർടിസിയുടെ കൊറിയർ സർവീസ് കൂടുതൽ കാര്യക്ഷമമാക്കുക എന്ന ലക്ഷ്യത്തോടെ സ്വകാര്യ പ്രൊഫഷണൽ ഏജൻസിയെ ഏൽപ്പിക്കുന്നു. ഇതിനായി ടെൻഡറും ക്ഷണിച്ചു കഴിഞ്ഞു.




ഞായറാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലുമടക്കം കൗണ്ടറുകൾ പ്രവർത്തിപ്പിക്കാൻ തയാറുള്ളവരെയാണ് പദ്ധതി ഏൽപ്പിക്കാൻ ഉദ്ദേശിക്കുന്നത്. നിലവിലുള്ള കൗണ്ടറുകളുടെ സ്ഥലപരിമിതികളും ജീവനക്കാരുടെ കുറവും ഏജൻസി വഴി പരിഹരിക്കാൻ സാധിക്കുമെന്നും പ്രതീക്ഷിക്കുന്നു.

പോരായ്മകൾ ഏറെയുണ്ടായിട്ടും കെഎസ്ആർടിസി ലോജിസ്റ്റിക്സ് വിഭാഗത്തിൻറെ വാർഷിക വരുമാനത്തിൽ കഴിഞ്ഞ വർഷം നാൽപ്പത് ശതമാനം വർധന രേഖപ്പെടുത്തിയിരുന്നു. ഇതു കണക്കിലെടുത്താണ് കൊറിയർ സേവനം മെച്ചപ്പെടുത്താനുള്ള ശ്രമം.

2023ലാണ് കെഎസ്ആർടിസി കൊറിയർ സർവീസ് ആരംഭിക്കുന്നത്. ഒരു വർഷം കൊണ്ടു തന്നെ മൂന്നേമുക്കാൽ കോടിയോളം രൂപ ഇതിലൂടെ വരുമാനം കിട്ടി. കേരളത്തിനകത്തും കൂടാതെ കോയമ്പത്തൂർ, നാഗർകോവിൽ എന്നിവിടങ്ങളിലുമായി 46 കൊറിയർ കൗണ്ടറുകളാണ് കെഎസ്ആർടിസിക്കുള്ളത്.

പുതിയ ഏജൻസിയെ ഏൽപ്പിക്കുന്നതോടെ സോഫ്റ്റ്വെയർ അടക്കമുള്ള കാര്യങ്ങളിൽ മാറ്റം വരുത്തും. ഇപ്പോഴത്തെ സോഫ്റ്റ്വെയർ കാര്യക്ഷമമെല്ലെന്നാണ് വിലയിരുത്തൽ. ഇതു മാറ്റുന്നതോടെ രജിസ്ട്രേഷനും ക്ലിയറൻസും ഡെലിവറിയുമെല്ലാം കൂടുതൽ വേഗത്തിലാക്കാൻ സാധിക്കുമെന്നും കണക്കാക്കുന്നു.

എല്ലാ പ്രധാന ബസ് സ്റ്റാൻഡുകളിലും കൗണ്ടറുകൾ ആരംഭിക്കുക എന്നതായിരിക്കും പുതിയ ഏജൻസിയുടെ പ്രധാന ദൗത്യങ്ങളിലൊന്ന്. സംസ്ഥാനത്തിൻറെ ഏതു ഭാഗത്തും പരമാവധി 16 മണിക്കൂറിനുള്ളിൽ സാധനങ്ങൾ എത്തിക്കാൻ സാധിക്കുക എന്നതാണ് ലക്ഷ്യം.

# വഖഫ് ഭേദഗതി ബിൽ ഇന്ന് ലോക്സഭയിൽ

**ന്യൂഡൽഹി:** വഖഫ് നിയമ ഭേദഗതി ബിൽ ഇന്ന് ലോക്സഭയിൽ അവതരിപ്പിക്കും. ലോക്സഭയിൽ ചോദ്യോത്തരവേള കഴിഞ്ഞാലുടൻ ഉച്ചയ്ക്ക് 12ന് അവതരിപ്പിക്കുന്ന ബില്ലിൻമേൽ എട്ടു മണിക്കൂർ ചർച്ച നിശ്ചയിച്ചിട്ടുണ്ട്.

ന്യൂനപക്ഷകാര്യ മന്ത്രി കിരൺ റിജിജു ചർച്ചയ്ക്കു മറുപടി നൽകും. ഇന്നു രാത്രിയോടെ ബിൽ വോട്ടിനിട്ടു പാസാക്കാനാണു തീരുമാനം. രാജ്യസഭയിൽ നാളെയാകും വഖഫ് ചർച്ചയും വോട്ടെടുപ്പും. പാർലമെൻറിൻറെ ബജറ്റ് സമ്മേളനം വെള്ളിയാഴ്ച സമാപിക്കും.

ലോക്സഭയിൽ ഇന്നു നടക്കുന്ന ചർച്ചയിലും വോട്ടെടുപ്പിലും നിർബന്ധമായും ഹാജരുണ്ടാകണമെന്ന് ആവശ്യപ്പെട്ട് ബിജെപിയും കോൺഗ്രസും സമാജ്‌വാദി പാർട്ടിയും ടിഡിപിയും അവരുടെ എംപിമാർക്കു മൂന്നുവരി വിപ്പു നൽകി.

ബിജെപിയും എസ്പിയും ലോക്സഭയിൽ ഇന്നത്തേക്കു മാത്രമായി വിപ്പു നൽകിയപ്പോൾ, ഇന്നും വ്യാഴാഴ്ചയും വെള്ളിയാഴ്ചയും ലോക്സഭയിൽ എല്ലാ കോൺഗ്രസ് എംപിമാരും ഉണ്ടാകണമെന്നു വിപ്പു നൽകിയിട്ടുണ്ട്.എന്നാൽ വഖഫ് ബില്ലിനെ വോട്ടെടുപ്പിൽ അനുകൂലിക്കാനോ എതിർക്കാനോ ഭരണ, പ്രതിപക്ഷ പാർട്ടികൾ ഇന്നു വേറെ വിപ്പു നൽകുമോയെന്നതിൽ വ്യക്തതയില്ല. വഖഫ് ഭേദഗതിയെ അനുകൂലിക്കുമെന്ന് നിതീഷ് കുമാറിൻറെ ജനതാദൾ യുണൈറ്റഡ് ചൊവ്വാഴ്ച വ്യക്തമാക്കിയതോടെ ബിൽ ലോക്സഭയിൽ പാസാകുമെന്നാണു സൂചന.ജെപിസിയിലൂടെ കടന്ന് ഭരണപക്ഷ എംപിമാരുടെ നിർദ്ദേശങ്ങൾ മാത്രം ഉൾപ്പെടുത്തിയ വഖഫ് നിയമഭേദഗതി ബില്ലാണ് പാർലമെൻറിലേക്ക് എത്തുന്നത്. ചർച്ചക്ക് ശേഷം ബിൽ പാസാക്കും. പ്രതിപക്ഷം എതിർത്താലും ബിൽ പാസാക്കാനുള്ള അംഗസംഖ്യയുള്ളതിനാൽ സർക്കാരിന് ആശങ്കയില്ല





# ബ്ലൈൻഡ് ഫുട്ബോൾ ചാമ്പ്യൻഷിപ്പ്: നേട്ടങ്ങൾ കൊയ്ത് കേരളം

**അഹമ്മദാബാദ് :** ഇന്ത്യൻ ബ്ലൈൻഡ് ഫുട്ബോൾ ഫെഡറേഷൻ സംഘടിപ്പിച്ച പുരുഷ വനിതാ സൗത്ത് വെസ്റ്റ് സോണൽ ബ്ലൈൻഡ് ഫുട്ബോൾ ചാമ്പ്യൻഷിപ്പിൽ മികച്ച നേട്ടങ്ങൾ കരസ്ഥമാക്കി കേരളാ ബ്ലൈൻഡ് ഫുട്ബോൾ ടീം. പുരുഷ വിഭാഗത്തിൽ രണ്ടാം സ്ഥാനവും വനിതാ വിഭാഗത്തിൽ മൂന്നാം സ്ഥാനവുമാണ് സംസ്ഥാനത്തിന്റെ നേട്ടം.

അഹമ്മദാബാദ്, കിംഗ് ടർഫ് ഗ്രൗണ്ടിൽ വെച്ച് നടന്ന ചാമ്പ്യൻഷിപ്പിൽ ഗുജറാത്തിനോട് പെനാൽറ്റിയിൽ എതിരില്ലാത്ത ഒരു ഗോളിനായിരുന്നു കേരളാ പുരുഷ ടീം പരാജയപ്പെട്ടത്. ചാമ്പ്യൻഷിപ്പിൽ രണ്ടാം സ്ഥാനം നേടിയതോടെ ഈ വർഷാവസാനം ഉത്തരാഖണ്ഡിൽ നടക്കുന്ന നാഷണൽ ചാംപ്യൻഷിപ്പിലേക് യോഗ്യത നേടാനും പുരുഷ ടീമിനായി. ലീഗ് റൗണ്ടിൽ മൂന്ന് പോയിന്റ് നേടിയാണ് വനിതാ ടീം മൂന്നാം സ്ഥാനം നേടിയത്.കേരളത്തിന്റെ സുജിത് പി. എസ്. മികച്ച ഗോൾകീപ്പറായും, അഖിൽ ലാൽ ടൂർണമെന്റിലെ മികച്ച കളിക്കാരനുമായി തിരഞ്ഞെടുക്കപ്പെട്ടു. ഹെഡ് കോച്ച് സീന സി വി , സുജിത് പി സ് , ടീം കോഓർഡിനേറ്റർമാരായ ശുഹൈബ്, മറിയാമ്മ, എന്നിവരുടെ നേതൃത്വത്തിൽ ത്രീ ടു വൺ ഫൗണ്ടേഷന്റെ സഹകരണത്തോടെയാണ് കേരളാ ടീം ബ്ലൈൻഡ് ഫുട്ബോൾ ചാമ്പ്യൻഷിപ്പിൽ പങ്കെടുത്തത്.

ടൂർണമെന്റിൽ പങ്കെടുക്കാൻ സഹായിച്ച എസ്.ആർ.വി.സി., ലെഗ്രാസിയേ നിലമ്പൂർ, വോയേജ്ഗ്രാം, എഫ് ക്യൂബ് റിതാൻ, ഹിഡൻ വോയിസസ് റേ ഓഫ് ഹോപ്പ്, ദർശന ക്ലബ് തൃശൂർ എന്നീ സംഘടനകളെ കേരളാ ബ്ലൈൻഡ് ഫുട്ബോൾ ഫെഡറേഷൻ അഭിനന്ദിച്ചു. ഏപ്രിൽ 3ന് കേരളാ ടീം തിരിച്ചെത്തും.

# കടലിനെയും കടലോരത്തെയും പ്ലാസ്റ്റിക് മുക്തമാക്കാൻ ശുചിത്വ സാഗരം സുന്ദര തീരം പദ്ധതി

**തിരുവനന്തപുരം:** കടലിനെയും കടലോരത്തെയും പ്ലാസ്റ്റിക് മുക്തമാക്കി സ്വാഭാവിക ആവാസ വ്യവസ്ഥ വീണ്ടെടുക്കുന്നതിനായി മത്സ്യത്തൊഴിലാളികൾ, ബോട്ടുടമകൾ, മറ്റ് സന്നദ്ധ സംഘടനകൾ, രാഷ്ട്രീയ പ്രസ്ഥാനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വിവിധ സർക്കാർ വകുപ്പുകൾ, ഏജൻസികൾ തുടങ്ങി മുഴുവൻ ജനവിഭാഗങ്ങളുടെയും സഹകരണത്തോടെ കടലും, തീരവും പ്ലാസ്റ്റിക് മുക്തമാക്കുക എന്ന ലക്ഷ്യത്തോടെ 'ശുചിത്വ സാഗരം സുന്ദര തീരം' എന്ന പദ്ധതി സംസ്ഥാന ഫിഷറീസ് വകുപ്പിന്റെ നേതൃത്വത്തിൽ മൂന്ന് ഘട്ടങ്ങളിലായി നടപ്പിലാക്കും.

സാധ്യമായ എല്ലാ മാർഗ്ഗങ്ങളും ഉപയോഗിച്ചുള്ള ബോധവത്കരണ പ്രവർത്തനങ്ങളാണ് ഒന്നാം ഘട്ടത്തിൽ നടപ്പിലാക്കുന്നത്. 2022 ജൂൺ മാസം 8 ന് സംസ്ഥാനതല ഉദ്ഘാടനത്തോടുടകൂടി ഒന്നാംഘട്ടമായ ബോധവത്കരണ ക്യാമ്പയിൻ ആരംഭിച്ചു. സെമിനാറുകൾ, ബിറ്റ് നോട്ടീസുകൾ, ബ്രോഷറുകൾ, കലാപരിപാടികൾ, റോഡ് ഷോകൾ, ബൈക്ക് റാലികൾ, മെഴുകുതിരി ജാഥ, കടലോര നടത്തം, കുടുംബയോഗങ്ങൾ, വിദ്യാർത്ഥികൾക്കുള്ള ക്വിസ്സ് മത്സരങ്ങൾ, ചിത്രരചനാ മത്സരങ്ങൾ, സോഷ്യൽമീഡിയ, എഫ്. എം. റേഡിയോ വഴിയുള്ള പ്രചരണം എന്നിവയാണ് പ്രധാന ബോധവല്ക്കരണ പരിപാടികൾ.

ഒരു ദിവസം നീണ്ടുനില്ക്കുന്ന പ്ലാസ്റ്റിക് മാലിന്യ ശേഖരണവും അതിന്റെ പുനരുപയോഗവുമാണ് രണ്ടാം ഘട്ടത്തിൽ നടക്കുന്നത്. 590 കിലോമീറ്റർ നീളത്തിൽ വ്യാപിച്ചുകിടക്കുന്ന കേരളത്തിന്റെ കടൽത്തീരം പ്ലാസ്റ്റിക് മുക്തമാക്കുന്നതിന് 2025 ഏപ്രിൽ 11 ന് ഏകദിന പ്ലാസ്റ്റിക് നിർമ്മാർജ്ജന യജ്ഞം സംഘടിപ്പിക്കും. ഓരോ കിലോമീറ്റർവീതം അടയാളപ്പെടുത്തി, ഓരോ കിലോമീറ്ററിലും ഈ പ്രവർത്തനങ്ങൾ നടത്തുന്നതിന് 25 സന്നദ്ധ പ്രവർത്തകർ വീതം ഉൾപ്പെടുന്ന 483 ആക്ഷൻഗ്രൂപ്പുകളെ സജ്ജമാക്കും. ഓരോ ആക്ഷൻഗ്രൂപ്പുകളും ശേഖരിയ്ക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ തരംതിരിച്ച് അതാത് ആക്ഷൻ കേന്ദ്രങ്ങളിൽ സംഭരിക്കുകയും ക്ലീൻ കേരള കമ്പനി, ശുചിത്വ മിഷൻ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവരുടെ ചുമതലയിൽ ഷ്രെഡിംഗ് യൂണിറ്റുകളിലേക്ക് മാറ്റി ശാസ്ത്രീയമായി സംസ്കരിക്കും. തുടർന്ന് പ്ലാസ്റ്റിക് മാലിന്യം ശേഖരിക്കുന്നതിന് ജനസാന്ദ്രതയുള്ള തിരഞ്ഞെടുക്കപ്പെട്ട ഇടങ്ങളിൽ 1200 ബോട്ടിൽ ബൂത്തുകൾ സ്ഥാപിക്കും.

ഹാർബറുകൾ കേന്ദ്രീകരിച്ച് കടലിൽനിന്നുള്ള പ്ലാസ്റ്റിക് മാലിന്യ ശേഖരണവും, പുനരുപയോഗവും, തുടർക്യാമ്പയിനും ആണ് മൂന്നാം ഘട്ടത്തിൽ സംഘടിപ്പിക്കുന്നത്.

ഫിഷറീസ് വകുപ്പും കൂടാതെ തദ്ദേശ സ്വയംഭരണ വകുപ്പ്, വിനോദ സഞ്ചാര വകുപ്പ്, പരിസ്ഥിതി വകുപ്പും ഹാർബർ എൻജിനിയറിംഗ് വകുപ്പ്, മത്സ്യഫെഡ് എന്നിവയിലെ ജില്ലാതല, പഞ്ചായത്ത് / വില്ലേജ്തല ഉദ്യോഗസ്ഥർക്കാണ് പദ്ധതി നടപ്പിലാക്കുന്നതിന്റെ പ്രധാന ചുമതല. കൂടാതെ യൂത്ത് മിഷൻ, ഹരിതകേരള മിഷൻ, ഹരിതകർമ്മ സേന, ശുചിത്വ മിഷൻ, നെഹ്റു യുവകേന്ദ്ര, ക്ലീൻ കേരള കമ്പനി ലിമിറ്റഡ്, സാഫ്, കുടുംബശ്രീ, എൻസിസി, എൻഎസ്എസ്, കെ.എസ്.സി.എ.ഡി.സി., സ്റ്റേറ്റ് യൂത്ത് വെൽഫയർ ബോർഡ്, മത്സ്യ ബോർഡ്, കുഫോസ്, മത്സ്യമേഖലയിലെ വിവിധ ട്രേഡ് യൂണിയനുകൾ, ബോട്ട് ഉടമ സംഘടനകൾ, രാഷ്ട്രീയ പ്രസ്ഥാനങ്ങൾ, സാമുദായിക, സാംസ്കാരിക സംഘടനകൾ, മറ്റ് സന്നദ്ധ സംഘടനകൾ എന്നിവയുടെ സഹകരണത്തോടെ പദ്ധതി നടപ്പാക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. മന്ത്രിമാർ, എം. പി. മാർ, എം.എൽ.എ.മാർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ, രാഷ്ട്രീയ, സാമുദായിക, സാംസ്കാരിക നേതാക്കൾ, സന്നദ്ധ പ്രവർത്തകർ, വിദ്യാർത്ഥി യുവജന പ്രസ്ഥാനങ്ങളിലെ അംഗങ്ങൾ, പൗരപ്രമുഖർ തുടങ്ങി എല്ലാ തലങ്ങളിലുമുള്ളവരും പദ്ധതിയിൽ പങ്കാളികളാകും.

പ്ലാസ്റ്റിക് മുക്ത കടലോര ക്യാമ്പയിനിൽ സംസ്ഥാനാടിസ്ഥാനത്തിൽ ഏറ്റവും മികച്ച പ്രവർത്തനം നടത്തി കടൽത്തീരം പ്ലാസ്റ്റിക് മുക്തവും ശുചിത്വമുള്ളതും മനോഹരവുമാക്കുന്ന ഒരു ജില്ലയെ തെരഞ്ഞെടുത്ത് മുഖ്യമന്ത്രിയുടെ എവർറോളിംഗ് ട്രോഫിയും ക്യാഷ് അവാർഡും നൽകുന്നതിനും, 9 മറ്റെൻ ജില്ലകളിൽ നിന്നും മികച്ച പ്രവർത്തനം നടത്തുന്ന രണ്ട് പഞ്ചായത്തുകളെ വീതം തെരഞ്ഞെടുത്ത് എവർറോളിംഗ് ട്രോഫിയും ക്യാഷ് അവാർഡും നൽകുന്നതിനും തീരുമാനമെടുത്തിട്ടുണ്ട്.

2025 ഏപ്രിൽ 11 ന് ശുചിത്വ സാഗരം സുന്ദര തീരം പദ്ധതിയുടെ 2ാം ഘട്ടം ആയ ഏകദിന പ്ലാസ്റ്റിക് നിർമ്മാർജ്ജന യജ്ഞം രാവിലെ 7 മണി മുതൽ കേരളത്തിന്റെ തെക്ക് കൊല്ലങ്കോട് മുതൽ വടക്ക് മഞ്ചേശ്വരം വരെയുള്ള 590 കി. മീറ്റർ കടൽത്തീരത്ത് 483 ആക്ഷൻ ക്രേന്ദങ്ങളിലായി 12000 ത്തോളം സന്നദ്ധ പ്രവർത്തകരുടെ സഹായ സഹകരണത്താൽ സംഘടിപ്പിക്കും.

പൊതുജനങ്ങൾ, സർക്കാർ വകുപ്പുകൾ, ഏജൻസികൾ, പരിസ്ഥിതി പ്രവർത്തകർ, മത്സ്യത്തൊഴിലാളികൾ, ബോട്ടുടമ സംഘടനകൾ, സാംസ്കാരിക, സാമുദായിക സംഘടനകൾ, മാധ്യമങ്ങൾ തുടങ്ങി വിവിധ വിഭാഗങ്ങളിലുള്ളവർ പരിപാടിയുടെ ഭാഗമാകും.

## തൊഴിലാളികൾക്ക് ഡിജിറ്റൽ സാക്ഷരതയുമായി ദുബായിലെ ഇന്ത്യൻ കോൺസുലേറ്റ്

**കൊച്ചി:** ദുബായിലെ ഇന്ത്യൻ കോൺസുലേറ്റ് ജനറൽ കേരള മുസ്ലീം കൾച്ചറൽ സെന്റർ (കെഎംസിസി), എഡാപ്റ്റ് ടെക്നോളജീസ് എന്നിവയുമായി സഹകരിച്ച് ഇന്ത്യൻ തൊഴിലാളികൾക്കായി ഡിജിറ്റൽ സാക്ഷരതാ പരിപാടി ആരംഭിച്ചു. 5,000 തൊഴിലാളികൾക്ക് കൃത്രിമബുദ്ധി, തട്ടിപ്പ് കണ്ടെത്തൽ, സൈബർ സുരക്ഷ എന്നിവയിൽ പരിശീലനം നൽകും.

ബ്ലൂ കോളർ തൊഴിലാളികളെ സൈബർ തട്ടിപ്പുകളിൽ നിന്ന് സംരക്ഷിക്കുന്നതിനൊപ്പം അവരുടെ തൊഴിൽക്ഷമത വർദ്ധിപ്പിക്കുന്നതിന് എഐ കഴിവുകൾ ഉപയോഗിച്ച് സജ്ജരാക്കേണ്ടതിന്റെ പ്രാധാന്യം കോൺസൽ ജനറൽ സതീഷ് കുമാർ ശിവൻ ഊന്നിപ്പറഞ്ഞു. ഓൺലൈൻ തട്ടിപ്പിന് ഇരയാകുന്ന തൊഴിലാളികളുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിലാണ് ഈ സംരംഭം വികസിപ്പിച്ചതെന്ന് കെഎംസിസി ജനറൽ സെക്രട്ടറി അൻവർ നഹ അഭിപ്രായപ്പെട്ടു.

എട്ട് ആഴ്ച നീണ്ടുനിൽക്കുന്ന കോഴ്സിൽ ഇംഗ്ലീഷ്, ഹിന്ദി, മലയാളം, തമിഴ്, തെലുങ്ക് ഭാഷകളിൽ ആഴ്ചതോറും ഒരു മണിക്കൂർ തത്സമയ, സംവേദനാത്മക സെഷനുകൾ ഉൾപ്പെടുന്നു. ഇത് തൊഴിലാളികൾക്ക് പ്രവേശനക്ഷമതയും സൗകര്യവും ഉറപ്പാക്കുന്നു. പങ്കെടുക്കുന്നവരുടെ ഡിജിറ്റൽ സാക്ഷരതാ നിലവാരം വിലയിരുത്തും. പരിശീലനം അവരുടെ ആവശ്യങ്ങൾക്കനുസരിച്ചായിരിക്കുമെന്നും എഡാപ്റ്റ് സിഇഒ ഉമർ അബ്ദുസ്സലാം പറഞ്ഞു. ഫിഷിംഗ്, ഇമെയിൽ തട്ടിപ്പുകൾ, ഫേസ്ബുക്ക്, വാട്ട്സ്ആപ്പ് തുടങ്ങിയ പ്ലാറ്റ്ഫോമുകളിലൂടെനീളമുള്ള ഓൺലൈൻ തട്ടിപ്പ് അപകടസാധ്യതകൾ എന്നിവ ഇതിൽ ഉൾപ്പെടും.

## ഏലൂർ റൂട്ടിൽ ഒരു വാട്ടർ മെട്രോ ബോട്ട് കൂടി സർവ്വീസ് തുടങ്ങും: മന്ത്രി പി. രാജീവ്

**കൊച്ചി:** വാട്ടർ മെട്രോ ഏലൂരിലേക്ക് പുതിയൊരു സർവ്വീസ് കൂടി ആരംഭിക്കുമെന്ന് വ്യവസായ മന്ത്രി പി.രാജീവ് പറഞ്ഞു. പുതിയ സർവ്വീസ് അടുത്ത തിങ്കളാഴ്ച മുതൽ ആരംഭിക്കും. ഏലൂർ, ചേരാനല്ലൂർ റൂട്ടിൽ ഹൈക്കോടതി ജംഗ്ഷനിലേക്കുള്ള കണക്ടിവിറ്റി വർധിപ്പിക്കുന്നതിന്റെ ഭാഗമായാണ് ഒരു ബോട്ട് കൂടി സർവ്വീസ് ആരംഭിക്കുന്നത്. കൊച്ചിൻ ഷിപ്പ്യാർഡിൽ നിന്ന് ചൊവ്വാഴ്ച ലഭിച്ച 19ാമത്തെ ബോട്ടാണ് ഏലൂർ റൂട്ടിൽ സർവ്വീസ് നടത്തുക. ഇതോടെ എറണാകുളത്തേക്ക് ഏലൂരിൽ നിന്ന് നേരിട്ടുള്ള കണക്ടിവിറ്റി വർധിക്കുമെന്ന് മന്ത്രി പി.രാജീവ് അറിയിച്ചു. കൊച്ചിൻ ഷിപ്പ്യാർഡിൽ നിന്ന് ഇനി നാലു ബോട്ടുകൾ കൂടിയാണ് ലഭിക്കാനുള്ളത്.

കൊച്ചി വാട്ടർ മെട്രോ ഏലൂർ ടെർമിനൽ മുഖ്യമന്ത്രി പിണറായി വിജയൻ കഴിഞ്ഞ വർഷം മാർച്ച് 14 നാണ് ഉദ്ഘാടനം ചെയ്തത്. ഇതോടെ സൌത്ത് ചിറ്റൂർ ടെർമിനലിൽ നിന്ന് ഏലൂർ ടെർമിനൽ വഴി ചേരാനെല്ലൂർ ടെർമിനൽ വരെയുള്ള റൂട്ടും സർവ്വീസ് തുടങ്ങി. സൗത്ത് ചിറ്റൂർ ജെട്ടിയിൽ പുതിയ പൊൻറൂൺ സൗകര്യം വരുന്നത് വരെ ഡബിൾ ബാങ്കിംഗ് ഏർപ്പെടുത്തി ബോട്ടുകൾക്ക് സർവ്വീസിന് സൗകര്യമൊരുക്കുകയാണ് ചെയ്യുക. ഏലൂരിൽ നിന്നും നേരിട്ട് എറണാകുളത്തേക്ക് ടിക്കറ്റ് എടുക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള സാങ്കേതികമാറ്റം പരിഗണനയിലാണെന്നും പി.രാജീവ് പറഞ്ഞു.

## കാക്കനാട് സിവിൽ സ്റ്റേഷനിൽ പുതിയ ബയോ ഗ്യാസ് പ്ലാന്റ് വരുന്നു

**കൊച്ചി:** കാക്കനാട് സിവിൽ സ്റ്റേഷനിൽ പുതിയതായി സ്ഥാപിക്കുന്ന ബയോ ഗ്യാസ് പ്ലാന്റിന്റെ നിർമ്മാണ ഉദ്ഘാടനം ജില്ലാ കളക്ടർ എൻ.എസ്.കെ ഉമേഷ് നിർവഹിച്ചു. ശുചിത്വ കേരളം പദ്ധതിയുടെ ഭാഗമായി തൃക്കാക്കര നഗരസഭയുടെ സഹകരണത്തോടെ 20 ലക്ഷം രൂപ ചെലവിലാണ് പ്ലാന്റ് നിർമ്മിക്കുന്നത്.

മാലിന്യമുക്തം നവകേരളം കർമ്മ പദ്ധതിയോട് അനുബന്ധിച്ച് വിപുലമായ പ്രവർത്തനങ്ങളാണ് ജില്ലയിൽ നടന്നുവരുന്നതെന്നും ആ ഉദ്യമത്തിൽ സിവിൽ സ്റ്റേഷനിലെ പുതിയ ബയോഗ്യാസ് പ്ലാന്റ് മുതൽക്കൂട്ടാകുമെന്നും കളക്ടർ പറഞ്ഞു.

പ്രതിദിനം 200 കിലോ ജൈവ മാലിന്യങ്ങൾ സംസ്കരിക്കാൻ ശേഷിയുള്ള പ്ലാന്റ് ഒരു മാസത്തിനുള്ളിൽ യാഥാർത്ഥ്യമാകും. അതോടെ സിവിൽ സ്റ്റേഷനിലെ മുഴുവൻ ജൈവമാലിന്യങ്ങളും ശാസ്ത്രീയമായി സംസ്കരിക്കാൻ കഴിയും.

ചടങ്ങിൽ തൃക്കാക്കര നഗരസഭ ചെയർപേഴ്സൺ രാധാമണി പിള്ള, വൈസ് ചെയർമാൻ അബ്ദു ഷാന,നഗരസഭ ആരോഗ്യകാര്യ സ്ഥിരം സമിതി അധ്യക്ഷൻ ഷാജി പ്ലാശേരി, വികസനകാര്യ സ്ഥിരം സമിതി അധ്യക്ഷ സ്മിത സണ്ണി, നഗരസഭാ കൗൺസിലർമാരായ ഉണ്ണി കാക്കനാട്, വി.ഡി സുരേഷ്, ഹസീന ഉമ്മർ, എൽ.എസ്.ജി.ഡി ജോയിന്റ് ഡയറക്ടർ കെ.ജെ ജോയ്, നവകേരളം മിഷൻ ജില്ലാ കോ ഓഡിനേറ്റർ എസ്. രഞ്ജിനി, ശുചിത്വ മിഷൻ ജില്ലാ കോ ഓഡിനേറ്റർ എസ്. ലിജുമോൻ, മറ്റ് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# റെക്കോർഡ് വിൽപ്പന നേടി നിസാൻ മാഗ്നൈറ്റ്

**കൊച്ചി:** 202425 സാമ്പത്തിക വർഷത്തിൽ 99,000ലധികം യൂണിറ്റുകളുടെ സംയോജിത വിൽപ്പന നേടി നിസാൻ മോട്ടോർ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്. കയറ്റുമതി, ആഭ്യന്തര വിപണികളിൽ ഒരുമിച്ച് കഴിഞ്ഞ 7 വർഷത്തിനിടയിലെ ഏറ്റവും ഉയർന്ന ഒറ്റ വർഷത്തെ സംയോജിത വിൽപ്പനയാണ് നിസാൻ കൈവരിച്ചത്. ഇരു വിപണികളിൽ പുതിയ നിസാൻ മാഗ്നൈറ്റിന്റെ മികച്ച പ്രകടനമാണ് ഏകീകൃത വാർഷിക വിൽപ്പനയിൽ മുൻ വർഷത്തേക്കാൾ 35% വളർച്ചയും 201718നു ശേഷമുള്ള മികച്ച വാർഷിക വില്പനയും കൈവരിക്കാൻ സഹായിച്ചത്. പുതിയ നിസാൻ മാഗ്നൈറ്റ് റൈറ്റ്ഹാൻഡ് ഡ്രൈവ് (ആർഎച്ച്ഡി), ലെഫ്റ്റ്ഹാൻഡ് ഡ്രൈവ് (എൽഎച്ച്ഡി) എന്ന ഇരുവകഭേദങ്ങളിൽ 65ലേറെ രാജ്യങ്ങളിലായി 71,000ലധികം യൂണിറ്റുകൾ കയറ്റുമതി നേടാനുമായി.അടുത്തിടെ, 5 സീറ്റുള്ള സി എസ്‌യുവി(കോംപാക്റ്റ് സ്പോർട്സ് യൂട്ടിലിറ്റി വെഹിക്കിൾ), 7 സീറ്റുള്ള ബിഎംപിവി(മൾട്ടി പർപ്പസ് വെഹിക്കിൾ) എന്നീ രണ്ട് പുതിയ മോഡലുകൾ കൂടി നിസാൻ ഇന്ത്യയിൽ അവതരിപ്പിച്ചിരിന്നു. അതേസമയം, വർദ്ധിച്ചുവരുന്ന ഇൻപുട്ട്, പ്രവർത്തന ചെലവുകൾ മൂലം 2025 ഏപ്രിൽ 1 മുതൽ എല്ലാ വകഭേദങ്ങളിലുമുള്ള പുതിയ നിസാൻ മാഗ്നൈറ്റിന്റെ വില 3 ശതമാനം വരെ വർദ്ധിപ്പിച്ചതായി നിസാൻ മോട്ടോർ ഇന്ത്യ പ്രഖ്യാപിച്ചു.

## സ്കോളർഷിപ്പ് പദ്ധതിയുമായി എൽജിയും അമൃത യൂണിവേഴ്സിറ്റിയും

**കൊച്ചി:** ആഗോളതലത്തിൽ മുൻനിര എയർ കംപ്രസർ നിർമാതാക്കളായ എൽജി എക്യുപ്മെന്റ്സ് , അമൃതവിശ്വവിദ്യാപീഠം കോയമ്പത്തൂരുമായി ചേർന്ന് ക്യാറ്റലിസ്റ്റ് സ്കോളർഷിപ്പ് പദ്ധതി അവതരിപ്പിച്ചു. സാമ്പത്തികമായി പിന്നോക്കമുള്ള പഠനമികവ് പുലർത്തുന്ന 20 വിദ്യാർത്ഥികൾക്കാണ് ഈ പദ്ധതിയുടെ ഗുണഫലം ലഭിക്കുക. 2025 26 അക്കാദമിക് വർഷം മുതൽ മെക്കാനിക്കൽ എഞ്ചിനീയറിംഗിൽ ഏറ്റവും മികച്ച വിദ്യാഭ്യാസത്തിനൊപ്പം പ്രായോഗിക പരിശീലനവും വിദ്യാർത്ഥികൾക്ക് ലഭിക്കും. കൂടാതെ ബിടെക് ഡിഗ്രി പൂർത്തിയാകുമ്പോൾ എൽജിയിൽ തൊഴിലവസരവും ഈ സ്കോളർഷിപ്പ് പദ്ധതിയിലൂടെ കമ്പനി ഉറപ്പുനൽകുന്നു.

ഗുണമേന്മയുള്ള വിദ്യാഭ്യാസത്തിന് വ്യക്തികളെ മാത്രമല്ല, സമൂഹത്തെയാകെ മാറ്റുന്നതിനുള്ള കരുത്തുണ്ടെന്ന് എൽജി വിശ്വസിക്കുന്നു. ക്യാറ്റലിസ്റ്റ് സ്കോളർഷിപ്പ് പദ്ധതിയിലൂടെ സാമ്പത്തിക പിന്തുണയ്ക്ക് പുറമേ കൂടുതൽ അവസരങ്ങൾ സൃഷ്ടിക്കുകയും മികച്ച പ്രതിഭകളെ വാർത്തെടുക്കുകയും ചെയ്യുക കൂടിയാണ്. ലോകോത്തര നിലവാരത്തിലുള്ള അവസരങ്ങൾ ഇതുവഴി വിദ്യാർത്ഥികൾക്ക് ഉറപ്പാക്കപ്പെടുന്നു. ഈ പദ്ധതി യാഥാർത്ഥ്യമാക്കുന്നതിൽ അമൃത വിശ്വവിദ്യാപീഠവുമായി ഒരുമിച്ച് പ്രവർത്തിക്കുവാൻ സാധിച്ചതിൽ ഞങ്ങൾക്ക് ഏറെ അഭിമാനമുണ്ട്. എൽജി എക്യുപ്മെന്റ്സ് ലി. മാനേജിംഗ് ഡയറക്ടർ ഡോ. ജയ്റാം വരദരാജ് പറഞ്ഞു. സാങ്കേതിക രംഗത്തെ പുതുതലമുറ ലീഡേഴ്സിനെ വളർത്തുന്നതിലുള്ള എൽജിയുടെ ദീർഘവീക്ഷണവും നിക്ഷേപവും ഞങ്ങൾ അനുമോദിക്കുന്നു. ഇൻഡസ്ട്രിയും അക്കാദമിക് മേഖലയും തമ്മിലുള്ള പങ്കാളിത്തത്തിന്റെ ശക്തി യുവ തലുമുറയുടെ ഭാവി എങ്ങനെ രൂപീകരിക്കുന്നു എന്നതിന്റെ തെളിവാണ് ഈ പദ്ധതി. അമൃത വിശ്വവിദ്യാപീഠം കോർപ്പറേറ്റ് & ഇൻഡസ്ട്രി റിലേഷൻസ് പ്രിൻസിപ്പൽ ഡയറക്ടർ പ്രൊ. സി പരമേശ്വരൻ പറഞ്ഞു.

## മുത്തൂറ്റ് ആൽവിൻസ് ബാഡ്മിന്റൺ അക്കാദമിയിൽ സമ്മർ ക്യാമ്പ്

**കൊച്ചി:** മുത്തൂറ്റ് ആൽവിൻസ് ബാഡ്മിന്റൺ അക്കാദമിയിൽ സമ്മർ ക്യാമ്പ് ആരംഭിക്കുന്നു. കലൂർ സ്റ്റേഡിയത്തിന് സമീപമുള്ള അക്കാദമിയിൽ രണ്ട് ഘട്ടമായാണ് ക്യാമ്പ് സംഘടിപ്പിക്കുന്നത്. ആദ്യ ക്യാമ്പ് ഏപ്രിൽ ഒന്നു മുതൽ 30 വരെയും രണ്ടാം ക്യാമ്പ് മെയ് ഒന്നു മുതൽ 30 വരെയും നടക്കും. മുൻ അന്താരാഷ്ട്ര ബാഡ്മിന്റൺ താരവും ഇന്ത്യൻ കോച്ചുമായ ആൽവിൻ ഫ്രാൻസിസാണ് മെന്റർ. അഞ്ച് വയസുമുതലുള്ളവർക്ക് പ്രവേശനത്തിന് അർഹതയുണ്ട്. താത്പര്യമുള്ളവർക്ക് ഗതാഗത, താമസ സൗകര്യവും നൽകും. കൂടുതൽ വിവരങ്ങൾക്ക് 8921309153.

## ഹാർട്ട് കെയർ ഫൗണ്ടേഷൻ സോഷ്യൽ എക്സലൻസ് പുരസ്കാരം ഫാ. ഡേവിസ് ചിറമേലിന്

**കൊച്ചി:** ഹാർട്ട് കെയർ ഫൗണ്ടേഷന്റെ ഈ വർഷത്തെ സോഷ്യൽ എക്സലൻസ് പുരസ്കാരം കിഡ്നി ഫെഡറേഷൻ ഓഫ് ഇന്ത്യ സ്ഥാപകൻ ഫാ: ഡേവിസ് ചിറമേലിന്. ഏപ്രിൽ ആറിന് ഐഎംഎ ഹൗസിൽ ഹാർട്ട് കെയർ ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിൽ നടക്കുന്ന ഹൃദയസംഗമത്തിന്റെ ഉദ്ഘാടന ചടങ്ങിൽ ഗോവ ഗവർണർ ശ്രീധരൻപിള്ള പുരസ്കാരം സമ്മാനിക്കുമെന്ന് ഫൗണ്ടേഷൻ ചെയർമാൻ ഡോ. ജോസ് ചാക്കോ പെരിയപ്പുറം അറിയിച്ചു. സ്വന്തം വൃക്ക ദാനം ചെയ്തത് ഉൾപ്പെടെ ഫാ: ഡേവിസ് ചിറമേൽ നടത്തിയ ജീവകാരുണ്യ പ്രവർത്തനങ്ങൾ വിലയിരുത്തിയാണ് പുരസ്കാരം സമ്മാനിക്കുന്നത്. ഹൃദയ ശസ്ത്രക്രിയ കഴിഞ്ഞ രോഗികളുടെയും കുടുംബാംഗങ്ങളുടെയും ഒത്തുചേരലായ ഹൃദയ സംഗമം മുഖ്യാതിഥിയായ ഗോവ ഗവർണർ ശ്രീധരൻപിള്ള ഉദ്ഘാടനം ചെയ്യും. ഉദ്ഘാടന ചടങ്ങിന് ശേഷം ഹൃദയാരോഗ്യത്തെ സംബന്ധിച്ചുള്ള വിദഗ്ദ്ധർ നയിക്കുന്ന ക്ലാസ്, പാനൽ ചർച്ച എന്നിവയും നടക്കുമെന്ന് ഭാരവാഹികൾ അറിയിച്ചു.



# ഗൃഹ ശോഭ: 120 സൗജന്യ വീടുകൾക്ക് തറക്കല്ലിട്ടു

**പാലക്കാട് :** പിഎൻസി മേനോനും ശോഭ മേനോനും ചേർന്ന് സ്ഥാപിച്ച ശ്രീ കുറുംബ വിദ്യാഭ്യാസ, ചാരിറ്റബിൾ ട്രസ്റ്റ്, പിന്നോക്ക കുടുംബങ്ങളെ പിന്തുണയ്ക്കുക എന്ന ദൗത്യത്തിൽ മറ്റൊരു നാഴികക്കല്ല് പിന്നിട്ടു. ഗൃഹ ശോഭ 2025 സംരംഭത്തിന്റെ ഭാഗമായി, പാലക്കാട് ജില്ലയിലെ സ്ത്രീകൾ നയിക്കുന്ന കുടുംബങ്ങൾക്കായുള്ള 120 വീടുകളുടെ തറ കല്ലിടൽ കർമ്മം നിർവഹിച്ചു . റവന്യൂ, ഭവന വകുപ്പ് മന്ത്രി കെ രാജൻ, ഉന്നത വിദ്യാഭ്യാസ, സാമൂഹിക നീതി വകുപ്പ് മന്ത്രി ഡോ. ആർ ബിന്ദു, ആലത്തൂർ എംഎൽഎ കെ ഡി പ്രസേനൻ, തരൂർ എംഎൽഎ, പി പി സുമോദ് തുടങ്ങിയവരുടെ സാന്നിധ്യത്തിലായിരുന്നു ചടങ്ങ്. ഇതിനകം അർഹരായ 230 കുടുംബങ്ങൾക്ക് ട്രസ്റ്റ് വീടുകൾ നിർമിച്ചു നൽകിയതായി ശോഭ ഗ്രൂപ്പിന്റെയും ശ്രീ കുറുംബ വിദ്യാഭ്യാസ, ചാരിറ്റബിൾ ട്രസ്റ്റിന്റെയും സ്ഥാപകനായ പിഎൻസി മേനോൻ പറഞ്ഞു.ഗൃഹ ശോഭ എന്നത് വെറുമൊരു സംരംഭം മാത്രമല്ല. സുരക്ഷിതവും മാന്യവുമായ ഭവനം ലഭ്യമാക്കുന്നതിലൂടെ ജീവിതങ്ങളെ പരിവർത്തനം ചെയ്യുന്നതിനുള്ള പ്രതിബദ്ധതയാണ് . സ്ത്രീകൾ നയിക്കുന്ന കുടുംബങ്ങൾക്ക് സുരക്ഷിതമായ ഒരു വീട് സ്ഥിരതയുടെയും ശാക്തീകരണത്തിന്റെയും അവസരത്തിന്റെയും ആധാരശിലയാണെന്നും പിഎൻസി മേനോൻ പറഞ്ഞു.



# ലോക ഒപ്റ്റോമെട്രി ദിനം; വിദ്യാർത്ഥികൾക്ക് ചിത്രരചനാ മത്സരം സംഘടിപ്പിച്ചു

**കൊച്ചി :** ലോക ഒപ്റ്റോമെട്രി ദിനത്തിന്റെ ഭാഗമായി അമൃത ആശുപത്രി ഓഫ്താൽമോളജിയിലെ ഒപ്റ്റോമെട്രി വിഭാഗം, കുട്ടികൾക്കായി ഇടപ്പള്ളി ചങ്ങമ്പുഴ പാർക്കിൽ വെച്ച് ചിത്രരചനാ മത്സരം സംഘടിപ്പിച്ചു. എറണാകുളം ജില്ലയിലെ വിവിധ സ്കൂളുകളിൽ നിന്നും തിരഞ്ഞെടുത്ത 70 ഓളം വിദ്യാർഥികൾ മത്സരത്തിൽ പങ്കെടുത്തു. വിദ്യാർത്ഥികളെ വയസ്സിന്റെ അടിസ്ഥാനത്തിൽ മൂന്നു ഗ്രൂപ്പുകളായി തിരിച്ചായിരുന്നു മത്സരം.ഇടപ്പള്ളി ചങ്ങമ്പുഴ പാർക്കിൽ നടന്ന ലോക ഒപ്റ്റോമെട്രി ദിനാചരണത്തിന്റെ ഉദ്ഘാടനം എളമക്കര പോലീസ് സ്റ്റേഷൻ സബ് ഇൻസ്പെക്ടർ മനോജ്.എം.എം. നിർവഹിച്ചു. ദിനാചരണത്തിന്റെ ഭാഗമായി സൗജന്യ നേത്ര പരിശോധന ക്യാമ്പും നടന്നു. കുട്ടികളിൽ ഉണ്ടാവുന്ന നേത്രരോഗങ്ങളും , കാഴ്ച വൈകല്യങ്ങളും ചികിൽസിക്കുന്നതിന്റെ ആവശ്യകതയെ കുറിച്ച് അമൃത ആശുപത്രിയിലെ അഡിഷണൽ അസ്സോസിയേറ്റ് പ്രൊഫസറും , പീഡിയാട്രിക് ഓഫ്താൽമോളജിസ്റ്റുമായ ഡോ. പ്രവീണ ശ്യാം ബോധവൽക്കരണ ക്ലാസ് എടുത്തു. വർദ്ധിച്ചു വരുന്ന ഇലക്ട്രോണിക് സ്ക്രീൻ ഉപയോഗത്തിന്റെ ദൂഷ്യവശങ്ങളെ കുറിച്ചു ഒപ്റ്റോമെട്രി വിഭാഗം വിദ്യാർഥികൾ നൃത്ത നാടകം അവതരിപ്പിച്ചു.

അമൃത ആശുപത്രി ഓഫ്താൽമോളജി വിഭാഗം മേധാവി ഡോ. ഗോപാൽ. എസ്. പിള്ള, ഡോ. മനോജ് പ്രതാപൻ, ഡോ. സുചിത്ര എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി. അമൃത ആശുപത്രിയിലെ ഒപ്റ്റോമെട്രിസ്റ് അഖില ദാസ്, സീനിയർ ഒപ്റ്റോമെട്രിസ്റ് പി. എ ദീപ തുടങ്ങിയവർ സംസാരിച്ചു

# വിദ്യാർഥികൾക്കും രക്ഷിതാക്കൾക്കും സി എ ബോധവത്ക്കരണ സെമിനാർ

**കൊച്ചി:** എറണാകുളം ബ്രാഞ്ച് ഓഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാർട്ടേർഡ് അക്കൗണ്ടന്റ്സ് ഓഫ് ഇന്ത്യ വിദ്യാർഥികൾക്കും രക്ഷിതാക്കൾക്കുമായി സി എ ബോധവത്ക്കരണ സെമിനാർ സംഘടിപ്പിക്കുന്നു. തൊടുപുഴ, അങ്കമാലി, എറണാകുളം എന്നിവിടങ്ങളിലാണ് സെമിനാർ സംഘടിപ്പിക്കുന്നത്. ഏപ്രിൽ 2ന് തൊടുപുഴ ഡോക്ടർ എ പി ജെ അബ്ദുൽ കലാം ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിലും ഏപ്രിൽ മൂന്നിന് സെന്റ് ആൻസ് കോളജ് അങ്കമാലിയിലും ഏപ്രിൽ അഞ്ചിന് എറണാകുളം ദിവാൻസ് റോഡിലെ ഐ സി എ ഐ ഭവനിലുമാണ് സെമിനാർ. മൂന്ന് സെമിനാറുകളും രാവിലെ 10 മുതൽ 12 വരെയാണ് നടക്കുക. പ്ലസ് ടു പാസാവുകയോ പ്ലസ് ടു പരീക്ഷ എഴുതുകയോ ചെയ്ത വിദ്യാർഥികൾക്ക് ഏപ്രിൽ ഏഴുമുതൽ പുതിയ ഫൗണ്ടേഷൻ ബാച്ച് ആരംഭിക്കും. നാലു മാസം കാലാവധിയുള്ള ഫൗണ്ടേഷൻ ബാച്ച് രാവിലെ ഒൻപതര മുതൽ വൈകിട്ട് നാലര വരെയായിരിക്കും. പ്രമുഖരായ ചാർട്ടേഡ് അക്കൗണ്ടന്റുമാരാണ് ക്ലാസെടുക്കുക. കൂടുതൽ വിവരങ്ങൾക്ക് 8330885021, 0484 2362027 എന്നീ നമ്പറുകളിലോ  എന്ന ഇമെയിൽ വിലാസത്തിലോ ബന്ധപ്പെടാവുന്നതാണ്.

# സൗത്ത് ഏഷ്യ കേംബ്രിഡ്ജ് സ്കൂൾ കോൺഫറൻസ് നടന്നു

**കൊച്ചി:** കേംബ്രിഡ്ജ് യൂണിവേഴ്സിറ്റി പ്രസ് & അസസ്മെന്റിലെ (കേംബ്രിഡ്ജ്) ഇന്റർനാഷണൽ എഡ്യൂക്കേഷൻ ഗ്രൂപ്പ് അവരുടെ രണ്ടാം വാർഷിക സൗത്ത് ഏഷ്യ കേംബ്രിഡ്ജ് സ്കൂൾ കോൺഫറൻസിന് ആതിഥേയത്വം വഹിച്ചു, ഇന്ത്യ, നേപ്പാൾ, ശ്രീലങ്ക, ഭൂട്ടാൻ, ബംഗ്ലാദേശ്, മാലിദ്വീപ് എന്നിവിടങ്ങളിൽ നിന്നുള്ള 400 ലധികം അധ്യാപകർ സമ്മേളനത്തിൽ പങ്കെടുത്തു. 2030 ആകുമ്പോഴേക്കും ആഗോള തലത്തിൽ 44 ദശലക്ഷം പുതിയ അധ്യാപകർക്കായുള്ള ആവശ്യകതയുണ്ടാകുമെന്ന് സമ്മേളനം വിലയിരുത്തി. ഈ സാഹചര്യത്തിൽ  പുതിയ പ്രൊഫഷണൽ വികസന പരിപാടികളും യോഗ്യതകളും, നൈപുണ്യ വികസന കോഴ്സുകൾ, പ്രീസർവീസ് അധ്യാപക പരിശീലനം, ഹ്രസ്വകാല ഇലേണിംഗ് മൊഡ്യൂളുകൾ എന്നിവയിലൂടെ മേഖലയിലെ അധ്യാപകരെ ശാക്തീകരിക്കണമെന്നും സമ്മേളനം വിലയിരുത്തി.

# ഓട്ടിസം:  സ്വയം പരിചരണ ഗൈഡ് പുറത്തിറക്കി

**കൊച്ചി:** ലോക ഓട്ടിസം ബോധവൽക്കണത്തിന്റെ ഭാഗമായി 'സെലബ്രേറ്റ് ഡിഫറൻസസ്' എന്ന പശ്ചാത്തലത്തിലുള്ള മുഗ്ധ കൽറയുടെ പുസ്തകം ബംഗളൂരുവിൽ നടത്തിയ ഇന്ത്യ ഇൻക്ലൂഷൻ, ഇന്ത്യൻ ന്യൂറോഡൈവേഴ്സിറ്റി ഉച്ചകോടിക്കിടെ പുറത്തിറക്കി. കുടുംബങ്ങൾക്കും വിദ്യാഭ്യാസ രംഗത്തുള്ളവർക്കും ജീവനക്കാർക്കും ഒരുപോലെ സഹായകമായ രീതിയിലാണ് ഐ സീ യു, ഐ ഗെറ്റ് യു: ദി സെൽഫ്കെയർ ഗൈഡ് ഫോർ സ്പെഷ്യൽ നീഡ്സ് പാരൻറ്സ്' എന്ന പുസ്തകം മുഗ്ധ കൽറ അവതരിപ്പിച്ചിരിക്കുന്നത്. ന്യൂറോഡൈവേർജൻറ് ആയ കുട്ടികളുടെ മാതാപിതാക്കൾ, പ്രത്യേകിച്ച് ഇന്ത്യയിലുള്ളവർ, നേരിടുന്ന വൈകാരികവും സാമ്പത്തികവും സാമൂഹികവുമായ വെല്ലുവിളികളെ കുറിച്ച് നേരിട്ടു പറയുന്നതാണ് ഈ പുസ്തകം. ബ്രോഡ്കാസ്റ്റ് ജേണലിസ്റ്റും, ബിബിസി 100 വുമൺ 2021 പുരസ്കാര ജേതാവും, നോട്ട് ദാറ്റ് ഡിഫറെൻറിൻറെ സഹസ്ഥാപകയുമാണ് മുഗ്ധ കൽറ




# വി സ്റ്റാർ 50ാം ഔട്ട്ലെറ്റ് തുറന്നു

**തൃശൂർ:** മുൻനിര ഇന്നർവെയർ, ലെഷർവെയർ ബ്രാൻഡായ വിസ്റ്റാറിന്റെ 50ാമത് എക്സ്ക്ലൂസീവ് ബ്രാൻഡ് ഔട്ട്ലെറ്റ് ഇരിഞ്ഞാലക്കുടയിൽ ആരംഭിച്ചു. വിസ്റ്റാർ മാനേജിംഗ് ഡയറക്ടർ ഷീല കൊച്ചൗസേഫ് ഉദ്ഘാടനം ചെയ്തു. ഉപയോക്താക്കൾക്ക് പ്രീമിയം ഷോപ്പിംഗ് അനുഭവം ഉറപ്പുനൽകുന്ന പുതിയ ഷോറൂമിൽ വിസ്റ്റാർ ഇന്നർവെയർ, ലെഷർവെയർ ശ്രേണിയിലെ ഏറ്റവും മികച്ചതും പുതിയതുമായ എല്ലാ കളക്ഷൻസും ഉൾപ്പെടുത്തിയിട്ടുണ്ട്.




# സിദ്ധി ഹോംസിന്റെ ഭവന പദ്ധതി ഉദ്ഘാടനം ചെയ്തു

**കൊച്ചി:** സിദ്ധി ഹോംസ് നിർമാണം പൂർത്തീകരിച്ച സിദ്ധി പ്രണവം തൃപ്പൂണിത്തുറ കണ്ണൻകുളങ്ങരയിൽ ഗതാഗത മന്ത്രി കെ. ബി ഗണേഷ് കുമാർ ഉദ്ഘാടനം ചെയ്തു. പദ്ധതിയുടെ ഭാഗമായ റിട്രീറ്റ് ക്ലബ് ഹൗസിന്റെ ഉദ്ഘാടനം കെ ബാബു എംഎൽഎ നിർവഹിച്ചു. 49 യൂണിറ്റുകളുൾപ്പെട്ട 2, 3 ബിഎച്ച്കെ പദ്ധതിയാണ് സിദ്ധി പ്രണവം. തൃപ്പൂണിത്തറ മുൻസിപ്പൽ ചെയർപേഴ്സൺ രമ സന്തോഷ്, മുൻസിപ്പൽ കൗൺസിലർ രജനി ചന്ദ്രൻ, സിദ്ധി ഹോംസ് പാർട്ണർ ജ്യോതിലക്ഷ്മി സി തുടങ്ങിയവർ സംസാരിച്ചു. 2007ൽ പ്രവർത്തനമാരംഭിച്ച കമ്പനി ഇതുവരെ 15 പദ്ധതികൾ നിർമാണം പൂർത്തീകരിച്ച് ഉടമകൾക്കു കൈമാറിയെന്ന് മാനേജിംഗ് പാർട്ണർ ഷൈലൻ എം ആർ പറഞ്ഞു. തൃപ്പൂണിത്തറ ഇരുമ്പനം സീപോർട്ട് എയർപോർട്ട് റോഡിൽ 8 ലക്ഷ്വറി വില്ലകൾ, ലേക്ഷോർ ഹോസ്പിറ്റലിനു സമീപം 17 വില്ലകൾ, കളിക്കോട്ട പാലസിനു സമീപം 23 യൂണിറ്റുകളുള്ള അപ്പാർട്ട്മെന്റ് പദ്ധതി എന്നിവയാണ് നിലവിൽ നിർമാണം പുരോഗമിക്കുന്ന പദ്ധതികൾ.



# വെണ്ടർലാൻഡ് മിഡ് നൈറ്റ് മാർക്കറ്റ് 5, 6 തിയ്യതികളിൽ

**കൊച്ചി:** വുമൺ എന്റർപ്രെനേഴ്സ് നെറ്റ് വർക്ക് കൊച്ചിൻ ചാപ്റ്റർ സംഘടിപ്പിക്കുന്ന വെൻ മിഡ്നൈറ്റ് മാർക്കറ്റ്  ഏപ്രിൽ 5, 6 തിയ്യതികളിൽ വൈകുന്നേരം 4 മണിമുതൽ രാത്രി 12 മണി വരെ എറണാകുളം രാജേന്ദ്ര മൈതാനത്ത് നടക്കുമെന്ന് ഭാരവാഹികൾ വാർത്താ സമ്മേളനത്തിൽ അറിയിച്ചു. ആഘോഷ പരിപാടികളുടെ ഉദ്ഘാടനം ഏപ്രിൽ 5ന് വൈകുന്നേരം 4 മണിക്ക് എറണാകുളം എം പി ഹൈബി ഈഡൻ നിർവഹിക്കും. നാനാതരത്തിലുമുള്ള ഷോപ്പിംഗ് സ്റ്റാളുകൾ, ആഭരണങ്ങൾ, വസ്ത്രങ്ങൾ, കളിപ്പാട്ടങ്ങൾ, പുസ്തകങ്ങൾ, മറ്റ് നിരവധി ഉത്പന്നങ്ങൾ എന്നിവയോടൊപ്പം വിവിധ വിഭവങ്ങളുള്ള ഭക്ഷണ സ്റ്റാളുകളും ഇവിടെ ഉണ്ടായിരിക്കും. പരിപാടിയുടെ ഹാപ്പിനെസ് പാർട്ണറായ റേഡിയോ മംഗോയുടെ നേതൃത്വത്തിൽ ലൈവ് മ്യൂസിക് ഷോകളും ആർട്ട് ഇൻസ്റ്റാളേഷനുകളും സംഘടിപ്പിക്കുന്നു. സ്പോർട്സ് പാർട്ണറായ ഡെക്കാത്ലോണിന്റെ വകയായി സംഘടിപ്പിച്ചിരിക്കുന്ന ഗെയിമുകളിൽ സന്ദർശകർക്കും പങ്കെടുക്കാവുന്നതാണ്.കൊച്ചി അന്താരാഷ്ട്ര വിമാനത്താവളം ഈ ഇവന്റിന് പിന്തുണ നൽകുന്നു. കൊച്ചി മെട്രോ ആണ് ഔദ്യോഗിക യാത്രാ പങ്കാളി. പൊതുജനങ്ങളുമായി നേരിട്ട് സംവദിക്കുന്നതിനും അതുവഴി സുരക്ഷാ ബോധവത്കരണം ഉറപ്പാക്കുന്നതിനുമായി പിങ്ക് പോലീസ് പ്രത്യേക സ്റ്റാൾ സജ്ജമാക്കും.നിശ്ശബ്ദ നൃത്തവിരുന്നായ സൈലന്റ് ഡിസ്കോ രാത്രി 11 മുതൽ 12 വരെ നടക്കും. വിനോദം, ഷോപ്പിംഗ്, രുചി, കുടുംബത്തിനൊപ്പം സന്തോഷകരമായ ഒരു രാത്രിയ്ക്ക് വെൻഡർലാൻഡ് നിങ്ങളെ സ്വാഗതം ചെയ്യുന്നുവെന്ന് സംഘാടകർ പറഞ്ഞു.100 രൂപയാണ് ടിക്കറ്റ് നിരക്ക്. കുടുംബം നാലു പേർക്ക് 250 രൂപയും വിദ്യാർഥി ഐ ഡിയുള്ളവർക്ക് 50 രൂപയുമാണ് ടിക്കറ്റ് ചാർജ്. 10 വയസ്സിന് താഴെയുള്ള കുട്ടികൾക്ക് സൗജന്യമാണ്.വാർത്താ സമ്മേളനത്തിൽ മുൻ പ്രസിഡന്റ് മരിയ എബ്രഹാം, പ്രസിഡന്റ് ലൈല സുധീഷ്, കൊച്ചിൻ ചാപ്റ്റർ ചെയർ നിമിൻ ഹിലാൽ, വൈസ് ചെയർ ലിന്റ രാകേഷ്, കൺവീനർ അനു മാത്യു, പി ആർ ഹെഡ് ശർമിള നായർ എന്നിവർ പങ്കെടുത്തു.

# വേൾഡ്കോൺ 2025 ഏപ്രിൽ മൂന്ന് മുതൽ ആറു വരെ കൊച്ചിയിൽ

**കൊച്ചി:** ഇന്റർനാഷണൽ സൊസൈറ്റി ഓഫ് കോളോപ്രൊക്ടോളജിയുടെ പത്താമത് ശസ്ത്രക്രിയാവിദഗ്ധരുടെ അന്തർദേശിയ സമ്മേളനം 'വേൾഡ്കോൺ 2025' ഏപ്രിൽ മൂന്ന് മുതൽ ആറു വരെ കൊച്ചി ഗോകുലം കൺവെൻഷൻ സെന്ററിൽ നടക്കുമെന്ന് ഭാരവാഹികൾ വാർത്താസമ്മേളനത്തിൽ അറിയിച്ചു. വിപിഎസ് ലേക്ഷോർ ഹോസ്പിറ്റൽ മിനിമലി ഇൻവേസീവ് സർജറി വിഭാഗം, കീഹോൾ ക്ലിനിക്, വെർവൻഡൻ ഇൻസ്റ്റിറ്റ്യൂട്ട്, അസോസിയേഷൻ ഓഫ് സർജൻസ് ഓഫ് ഇന്ത്യയുടെ കേരള ഘടകം എന്നിവ സംയുക്തമായാണ് നാലു ദിന സമ്മേളനം സംഘടിപ്പിക്കുന്നത്. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്നും പതിനഞ്ചോളം വിദേശ രാജ്യങ്ങളിൽ നിന്നുമുള്ള 700ൽപ്പരം ശസ്ത്രക്രിയ വിദഗ്ദ്ധർ സമ്മേളനത്തിൽ പങ്കെടുക്കും.

ഏപ്രിൽ മൂന്നിന് രാവിലെ പത്തു മുതൽ സർജന്മാർക്കായി ലേസർ, സ്റ്റേപ്ലർ, കൊളോണോസ്കോപ്പി, വാഫ്റ്റ് തുടങ്ങിയ ശസ്ത്രക്രിയകളിൽ പ്രത്യേക പരിശീലന പരിപാടി നടക്കും. വൈകുന്നേരം നടക്കുന്ന സമ്മേളനത്തിൽ പരീക്ഷയിൽ വിജയിച്ച 400ൽപ്പരം പേർക്ക് ഇന്റർനാഷണൽ സൊസൈറ്റി ഓഫ് കോളോപ്രൊക്ടോളജിയുടെ ഫെലോഷിപ്പ് സമ്മാനിക്കും. ചടങ്ങിൽ എം.ജി യൂണിവേഴ്സിറ്റി വി.സി ഡോ: സി.ടി അരവിന്ദ് മുഖ്യ പ്രഭാഷണം നടത്തും. നാലാം തീയതി നടക്കുന്ന ഉദ്ഘാടന സമ്മേളനത്തിൽ എയിംസ് മുൻ ഡയറക്ടർ പ്രൊഫ: എം.സി മിശ്ര, അസോസിയേഷൻ ഓഫ് സർജൻ മുൻ ദേശിയ അധ്യക്ഷൻ ഡോ. സി.പളനി വേലു, സെൻസി മുൻ അധ്യക്ഷനും പ്രമുഖ കാൻസർ സർജനുമായ ഡോ. ഷൈലേഷ് പുൻതാംബേക്കർ എന്നിവർ മുഖ്യാതിഥികളായി പങ്കെടുക്കുമെന്ന് ഭാരവാഹികൾ അറിയിച്ചു.വിപിഎസ് ലേക്ഷോർ ഹോസ്പിറ്റൽ മിനിമലി ഇൻവേസീവ് സർജറി വിഭാഗം മേധാവിയും വേൾഡ് കോൺ രക്ഷാധികാരിയുമായ ഡോ. ആർ പത്മകുമാർ അദ്ധ്യക്ഷത വഹിക്കും. വേൾഡ് കോണിന്റെ ഭാഗമായി 4,5,6 തീയതികളിൽ സർജന്മാർക്ക് വേണ്ടി പ്രത്യേക തുടർ വിദ്യാഭ്യാസ പരിപാടിയും, ശസ്ത്രക്രിയാ സംപ്രക്ഷേപണവും ഒരുക്കിയിട്ടുണ്ട്. അഞ്ചാം തീയതി മെഡിക്കൽ വിദഗ്ദ്ധർക്കായി മലാശയ അർബുദം നേരത്തെ കണ്ടെത്തുന്നതിനുള്ള മാർഗങ്ങളും നൂതന ചികിത്സാ രീതികളും വിശദമാക്കുന്ന പ്രത്യേക സെഷൻ ഉണ്ടായിരിക്കും. വേൾഡ് കോണിനോടനുബന്ധിച്ച് ചികിത്സാ രംഗത്തെ നൂതനസാങ്കേതികവിദ്യകളും അത്യാധുനിക ഉപകരണങ്ങളും പരിചയപ്പെടുത്തുന്ന പ്രദർശന മേളയും അരങ്ങേറുമെന്ന് കോൺഫറൻസ് മാനേജർ പ്രേമ്ന സുബിൻ പറഞ്ഞു. പത്ര സമ്മേളനത്തിൽ വേൾഡ് കോൺ രക്ഷാധികാരി ഡോ. ആർ പദ്മകുമാർ, ഓർഗനൈസിങ് ചെയർമാൻ ഡോ. മധുകർ പൈ, സെക്രട്ടറി ഡോ. റിസൻ രാജൻ, കോൺഫറൻസ് മാനേജർ പ്രേമ്ന സുബിൻ എന്നിവർ പങ്കെടുത്തു.




# പരിസ്ഥിതി സൗഹൃദ ടിഎംടി ബാറുകൾ അവതരിപ്പിച്ച് എആർഎസ് സ്റ്റീൽ

**കൊച്ചി:** രാജ്യത്തെ ആദ്യത്തെ പരിസ്ഥിതി സൗഹൃദ ടിഎംടി ബാറുകൾ അവതരിപ്പിച്ച് എആർഎസ് സ്റ്റീൽ. ഒഡീഷയിലെ ഭുവനേശ്വറിൽ എപിക് ഗ്രൂപ്പിന്റെ അത്യാധുനിക ഉൽപ്പാദന സൗകര്യം ഒരുക്കുന്നതിനായി ആദ്യത്തെ ഗ്രീൻ ടിഎംടി ബാർ ട്രൈമെട്രോ ഗ്രൂപ്പിന് വിജയകരമായി കൈമാറി.ഇന്ത്യയുടെ നിർമ്മാണ മേഖലയിലെ ഒരു പ്രധാന നാഴികക്കല്ലാണിത്. പരിസ്ഥിതി സൗഹൃദ നിർമ്മാണ രീതികളും അത്യാധുനിക സാങ്കേതികവിദ്യയും ഉൾപ്പെടുത്തിയായിരുന്നു നിർമാണം. സെൻട്രൽവേൾഡിന്റെ സഹകരണത്തോടെയാണ് ഈ നീക്കം. ഹോങ്കോങ്ങ് ആസ്ഥാനമായി പ്രവർത്തിക്കുന്ന സുസ്ഥിര ഫാഷനിലെ ആഗോള നേതാവായ എപിക് ഗ്രൂപ്പ്, ഇന്ത്യയിൽ ഒരു ഹരിത ഉൽപ്പാദന സൗകര്യം സ്ഥാപിക്കുന്നതിനായി 377 കോടി രൂപയാണ് നിക്ഷേപിക്കുന്നത്.വ്യാവസായിക ഉൽപാദനത്തെ ഡീകാർബണൈസ് ചെയ്യുന്നതിനായി സാങ്കേതികവിദ്യാധിഷ്ഠിത സ്റ്റാർട്ടപ്പായ സെൻട്ര.വേൾഡ് പിന്തുണയ്ക്കുന്ന എആർഎസ് സ്റ്റീലിന്റെ അൾട്രാലോ എമിഷൻ ടിഎംടി ബാറുകളുടെ ഉപയോഗമാണ് ഈ പരിസ്ഥിതി സൗഹൃദ സംരംഭത്തിന്റെ പ്രധാന ഘടകമെന്ന് എപ്പിക് ഗ്രൂപ്പിന്റെ സ്ഥാപകനും ചെയർമാനുമായ രഞ്ജൻ മഹ്താനി പറഞ്ഞു. ഇന്ത്യയിലെ ആദ്യത്തെ ഗ്രീൻ സ്റ്റീൽ ടിഎംടി ബാറുകൾ വിതരണം ചെയ്യുന്നതിൽ അഭിമാനിക്കുന്നു. എആർഎസ് സ്റ്റീൽ, ഗുണനിലവാരവും സുസ്ഥിരതയും മെച്ചപ്പെടുത്തുന്നതിന് പ്രതിജ്ഞാബദ്ധമാണെന്ന് എആർഎസ് സ്റ്റീലിന്റെ മാനേജിംഗ് ഡയറക്ടർ അശ്വനി കുമാർ ഭാട്ടിയ പറഞ്ഞു.സാങ്കേതികവിദ്യ ഉപയോഗിച്ച് കാർബൺ പുറന്തള്ളൽ അളക്കാനും ലഘൂകരിക്കാനും വ്യവസായങ്ങളെ ശാക്തീകരിക്കുക എന്നതാണ് ഞങ്ങളുടെ ദൗത്യമെന്ന് സെൻട്രൽ വേൾഡിന്റെ സഹസ്ഥാപകനും സിഇഒയുമായ ഹർഷ് ചൗധരി കൂട്ടിച്ചേർത്തു.

## കാപ്ര ഡെയ്‌ലി ഇ കൊമേഴ്സ് സ്റ്റോർ കൊച്ചിയിലും

കൊച്ചി:ഇ കൊമേഴ്സ് രംഗത്ത് ഏറെ ശ്രദ്ധേയമായ കാപ്ര ഡെയ്‌ലി ഇ കൊമേഴ്സ് സ്റ്റോർ കൊച്ചിയിലും പ്രവർത്തനമാരംഭിക്കുന്നു. ചക്കരപ്പറമ്പിൽ എപ്രിൽ മൂന്നു മുതൽ സ്റ്റോർ തുറന്ന് വപ്രവർത്തിക്കും.ഗുണമേന്മയുള്ള ഉൽപ്പന്നങ്ങൾ വേഗത്തിലും വിലക്കുറവിലും നിങ്ങളുടെ അരികിലേക്ക് എത്തിച്ചുതരുന്നു. മികച്ച ഓഫറോടുകൂടി പർച്ചെയ്സ് ചെയ്യുവാനുള്ള സൗകര്യവും സ്റ്റോറിലുണ്ടെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി. കാപ്ര ഡെയ്‌ലി ആപ്പ് വഴിയുള്ള ഹോം ഡെലിവറിയും മറ്റ് അനുബന്ധ പർച്ചെയ്സ് സൗകര്യങ്ങളും ഉപഭോക്താക്കൾക്ക് ലഭിക്കുവാനുള്ള സേവനങ്ങളും കാപ്ര ഡെയ്‌ലി ഇ കൊമേഴ്സ് സ്റ്റോറിൽ ഒരുക്കിയിട്ടുണ്ട്.എല്ലാ വിഭാഗം ജനങ്ങൾക്കും ഏറെ പ്രയോജനകരമാണ് കാപ്രയുടെസേവനങ്ങൾ. വളരെ ലാഭകരവും, ഗുണകരവുമായ ഉത്പന്നങ്ങളാണ് കാപ്ര യുടെ പ്രത്യേകതകൾ. ഒത്തരി ഓഫറുകളും ഒരുക്കിയിട്ടുണ്ട്.

## വെൽവിഷേഴ്സ് മീറ്റുമായി തൃശ്ശൂർ എ എസ് ജി വാസൻ ഐ ഹോസ്പിറ്റൽസ്

**തൃശ്ശൂർ:** തൃശ്ശൂർ എ എസ് ജി വാസൻ ഐ ഹോസ്പിറ്റൽസ് വെൽവിഷേഴ്സ് മീറ്റ് സംഘടിപ്പിച്ചു. തൃശ്ശൂർ എം.എൽ.എ പി ബാലചന്ദ്രൻ ചടങ്ങിന്റെ ഉദ്ഘാടനം നിർവഹിച്ചു. ആശുപത്രിയിൽ നേത്ര ശസ്ത്രക്രിയ കഴിഞ്ഞ രോഗികളും മീറ്റിങ്ങിന്റെ ഭാഗമായിരുന്നു.ശസ്ത്രക്രിയ കഴിഞ്ഞ രോഗികൾക്ക് മാർച്ച് 28 മുതൽ ഏപ്രിൽ 28 വരെ ഒരുമാസ കാലയളവിലേക്ക് ഡോക്ടർമാരുടെ കൺസൾട്ടേഷൻ സൗജന്യമായിരിക്കും. കൂടാതെ, അനുബന്ധ ആനുകൂല്യങ്ങളും ഇവർക്ക് ലഭ്യമാക്കും. തൃശ്ശൂർ ഡെപ്യൂട്ടി മേയർ റോസി ചടങ്ങിൽ എ എസ് ജി വാസൻ ഐ ഹോസ്പിറ്റൽസിന്റെ പ്രത്യേക ആനുകൂല്യങ്ങളുള്ള പ്രിവിലേജ് കാർഡ് അവതരിപ്പിച്ചു.എ.സി.പി സലീഷ് എൻ എസ്, ഇസിഎച്ച്എസ് ഒ.ഐ.സി കേണൽ ബിജു പോൾ, തൃശ്ശൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പ്രിൻസ്, തൃശ്ശൂർ കോർപറേഷൻ കൗൺസിലർ സിന്ധു ആന്റോ ചാക്കോള, തൃശ്ശൂർ കൊച്ചി എ എസ് ജി വാസൻ ഐ ആശുപത്രിയിലെ കാറ്ററാക്ട് ആൻഡ് റിഫ്രാക്ടിവ് ഹെഡ് സർജൻ ഡോ. സോണി ജോർജ്, തൃശ്ശൂർ എ എസ് ജി വാസൻ ഐ ആശുപത്രിയിലെ കോർണിയ സ്പെഷ്യലിസ്ററ് ഡോ. അനശ്വര എം ജോൺ, റീജിയണൽ ഓപ്പറേഷൻസ് മാനേജർ ഹിമാൻഷു മാഥുർ, എ എസ് ജി വാസൻ ഐ ഹോസ്പിറ്റൽസ് കേരള റീജിയൺ ക്ലസ്റ്റർ ഹെഡ് സുമിത്ത് എസ് ,ബിസിനസ് ഡെവലപ്മെന്റ് റീജിയണൽ മാനേജർ ദീപക് നായർ, തൃശ്ശൂർ സെന്റർ ഹെഡ് ശ്രീകാന്ത് കെ സി തുടങ്ങിയവർ ചടങ്ങിൽ സംസാരിച്ചു. ചടങ്ങിൽ രോഗികളും അവരുടെ അനുഭവങ്ങൾ പങ്കുവെച്ചു.

## ഇന്ത്യയ്ക്ക് വലിയ വികസന സാധ്യതയുള്ളത് മാരിടൈം മേഖലയിൽ

**കൊച്ചി:** ഇന്ത്യക്ക് ഏറ്റവും കൂടുതൽ വികസന സാധ്യതയുള്ളതും വരുമാനം നൽകുന്നതുമായ മേഖലയാണ് മാരിടൈം മേഖലയെന്ന് ഇന്ത്യൻ നേവൽ അക്കാഡമി ഫസ്റ്റ് കമാണ്ടന്റും കോസ്റ്റ് ഗാർഡ് മുൻ ഡയറക്ടർ ജനറലുമായിരുന്ന വൈസ് അഡ്മിറൽ എം പി മുരളീധരൻ പറഞ്ഞു.

കേരള മാനേജ്മെന്റ് അസോസിയേഷൻ സംഘടിപ്പിക്കുന്ന ലീഡർ ഇൻസൈറ്റ് പ്രഭാഷണ പരമ്പരയുടെ ഭാഗമായി റെലെവൻസ് ഓഫ് മാരിടൈം ഡൊമൈൻ ഫോർ ഇന്ത്യ എന്ന വിഷയത്തിൽ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.ഇന്ത്യയുടെ മാരിടൈം പാരമ്പര്യത്തിന് പതിറ്റാണ്ടുകളുടെ പഴക്കമുണ്ടെന്നും എം പി മുരളീധരൻ പറഞ്ഞു. ഇൻഡസ് വാലി സിവിലൈസേഷൻ കാലത്ത് തന്നെ ഇന്ത്യക്ക് കടൽമാർഗമുള്ള വാണിജ്യ ഇടപാടുകളുണ്ടായിരുന്നു. ആധുനിക ഇന്ത്യയിൽ ഏറ്റവും സിസ്റ്റമാറ്റിക് ആയി നടക്കുന്ന വ്യവസായം ഷിപ്പിംഗ് ആണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. ഇന്ത്യയുടെ ആഭ്യന്തര വരുമാനത്തിൽ വലിയ പങ്ക് കടൽമാർഗമുള്ള ചരക്ക് ഗതാഗത്തിലൂടെ ലഭിക്കുന്നുണ്ട്.കടൽക്കൊലകരുടെ സാന്നിധ്യമുണ്ടെങ്കിലും മുൻ കാലങ്ങളിലേത് പോലെ അപകടകരമായ ഭീഷണികളില്ല. ശ്രീലങ്കയും തായ്‌ലാൻഡുമൊക്കെ മാരിടൈം മേഖലയിൽ ഏറെ മുന്നോട്ട് പോയി. കൂടുതൽ രാജ്യങ്ങൾ മാരിടൈം മേഖലയിലേക്ക് കടന്ന് വരുന്നത് ഇന്ത്യ ഗൗരവത്തോടെ കാണണം. നാവികസേനയും തീരരക്ഷാസേനയും മുൻപെന്നത്തേക്കാളും ശക്തവും ജാഗരൂകരുമാണ്. മാരിടൈം സുരക്ഷ ഉറപ്പ് വരുത്താൻ ഇന്ത്യക്ക് കഴിഞ്ഞിട്ടുണ്ട്. മാരിടൈം രംഗത് കൂടുതൽ ശ്രദ്ധ പുലർത്തിയാൽ രാജ്യത്തിന് സാമ്പത്തിക രംഗത് വലിയ കുതിപ്പ് കൈവരിക്കാൻ കഴിയുമെന്നും എം പി മുരളീധരൻ ചൂണ്ടിക്കാട്ടി. ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ അനന്ത സാധ്യതകളുടെ വാതായനങ്ങൾ തുറന്നിട്ടിരിക്കുന്ന മാരിടൈം മേഖലയെ ഗൗരവത്തോടെ സമീപിക്കണമെന്നും അദ്ദേഹം ഓർമ്മപ്പെടുത്തി.കെഎംഎ പ്രസിഡന്റ് ബിബു പുന്നൂരാൻ അധ്യക്ഷത വഹിച്ചു. സെക്രട്ടറി ഡോ. അനിൽ ജോസഫ്, ട്രഷറർ ദിലീപ് നാരായണൻ എന്നിവർ പങ്കെടുത്തു.

സൊസൈറ്റി ടുഡേ
SOCIETY TODAY

# ക്രിക്കറ്റ് സീസൺ; അൺലിമിറ്റഡ് ഓഫർ കാലാവധി നീട്ടി റിലയൻസ് ജിയോ

**കൊച്ചി/മുംബൈ:** ക്രിക്കറ്റ് പ്രേമികൾക്ക് ആവേശമേകാൻ അൺലിമിറ്റഡ് ജിയോഹോട്ട്സ്റ്റാർ ഓഫർ കാലാവധി നീട്ടി ജിയോ. ഏപ്രിൽ 15ലേക്കാണ് കാലാവധി നീട്ടിയിരിക്കുന്നത്. ക്രിക്കറ്റ് പ്രേമികൾക്ക് വൻവിരുന്നൊരുക്കിയ റിലയൻസ് ജിയോ അൺലിമിറ്റഡ് ഓഫർ മാർച്ച് 17നാണ് കമ്പനി പ്രഖ്യാപിച്ചത്. മാർച്ച് 31നായിരുന്നു ഓഫർ അവസാനിക്കേണ്ടിയിരുന്നത്. അതാണ് ഇപ്പോൾ നീട്ടിയിരിക്കുന്നത്. ക്രിക്കറ്റ് സീസൺ മുൻനിർത്തി പരിധിയില്ലാത്ത ഓഫറുകളാണ് ജിയോ പ്രഖ്യാപിച്ചിരിക്കുന്നത്. നിലവിലെ ഉപഭോക്താക്കൾക്കും പുതിയ ഉപഭോക്താക്കൾക്കും എക്സ്ക്ലൂസിവ് ഓഫറുകളുണ്ട്. ജിയോ സിമ്മും 299 രൂപയ്ക്കോ അതിന് മുകളിലോ ഉള്ള പ്ലാനുമുണ്ടെങ്കിൽ ഉപഭോക്താക്കൾക്ക് ഈ ക്രിക്കറ്റ് സീസൺ ആസ്വദിക്കാമെന്നും കമ്പനി അധികൃതർ വ്യക്തമാക്കി. 90 ദിവസത്തെ സൗജന്യ ജിയോഹോട്ട്സ്റ്റാർ ടിവിയിലും മൊബൈലിലും 4കെ ക്വാളിറ്റിയിൽ അൺലിമിറ്റഡ് ഓഫറിൽ ആസ്വദിക്കാം. സീസണിലെ എല്ലാ മത്സരങ്ങളും സൗജന്യമായി ഹോം ടിവിയിലോ മൊബൈലിലോ 4കെ യിൽ കാണാം.വീട്ടിലേയ്ക്കുള്ള 50 ദിവസത്തെ സൗജന്യ ജിയോഫൈബർ / എയർഫൈബർ ട്രയൽ കണക്ഷൻ 4കെ യിൽ വളരെ മികച്ച ക്രിക്കറ്റ് കാഴ്ചാനുഭവത്തോടെ അൾട്രാഫാസ്റ്റ് ഇന്റർനെറ്റിന്റെയും മികച്ച ഹോം എന്റർടെയ്ൻമെന്റിന്റെയും സൗജന്യ ട്രയൽ സേവനം അനുഭവിക്കാം. 800 ലധികം ടിവി ചാനലുകൾ, 11ലധികം ഒടിടി ആപ്പുകൾ,അൺലിമിറ്റഡ് വൈഫൈ കൂടാതെ മറ്റു നിരവധി സേവനങ്ങൾ ജിയോഎയർഫൈബറിലൂടെ ലഭ്യമാകും 2025 ഏപ്രിൽ 15 ന് മുമ്പായി റീചാർജ് ചെയ്യുകയോ പുതിയ സിം നേടുകയോ ചെയ്താൽ മാത്രമെ ഓഫർ ലഭിക്കും. നിലവിലുള്ള ജിയോ സിം ഉപയോക്താക്കൾ: 299 രൂപ (1.5 ജിബി/ദിവസം അല്ലെങ്കിൽ അതിൽ കൂടുതൽ) അല്ലെങ്കിൽ അതിൽ കൂടുതലുള്ള പ്ലാൻ ഉപയോഗിച്ച് റീചാർജ് ചെയ്യുക.പുതിയ ജിയോ സിം ഉപയോക്താക്കൾ: 299 രൂപ അല്ലെങ്കിൽ അതിൽ കൂടുതൽ ഉള്ള പ്ലാനിൽ ഒരു പുതിയ ജിയോ സിം നേടുക.ആനുകൂല്യങ്ങളുടെ വിശദാംശങ്ങൾ അറിയാൻ 6000860008 എന്ന നമ്പറിൽ ഒരു മിസ്ഡ് കോൾ നൽകാനുള്ള ഓപ്ഷനുമുണ്ട്.മാർച്ച് 17ന് മുമ്പ് റീചാർജ് ചെയ്ത ഉപഭോക്താക്കൾക്ക് 100 രൂപയുടെ ആഡ് ഓൺ പാക്കിലൂടെ സേവനങ്ങൾ നേടാവുന്നതാണ് 2025 മാർച്ച് 22നായിരിക്കും ജിയോഹോട്ട്സ്റ്റാർ പാക്ക് ആക്റ്റിവേറ്റ് ആകുക. 90 ദിവസമായിരിക്കും കാലാവധി കൂടുതൽ വിവരങ്ങൾക്ക് ഷശീ.രീ സന്ദർശിക്കുക. അല്ലെങ്കിൽ അടുത്തുള്ള ജിയോ സ്റ്റോർ സന്ദർശിക്കുക. ഓഫറുകൾ ജിയോ എഐ ക്ലൗഡ് അധിഷ്ഠിതമായിരിക്കുമെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.

# സ്മാർട്ട് നിക്ഷേപം, ഭാവി സുരക്ഷിതം ശിൽപശാല സംഘടിപ്പിച്ചു

**കൊച്ചി:** നാഷണൽ സ്റ്റോക് എക്സ്ചേഞ്ചും നാഷണൽ സെക്യൂരിറ്റീസ് ഡെപോസിറ്ററിയും ചേർന്ന് തൃശൂർ പോലീസ് അക്കാദമിയിൽ 'സ്മാർട്ട് നിക്ഷേപം, ഭാവി സുരക്ഷിതം' ശിൽപശാല സംഘടിപ്പിച്ചു. സെബിയുടെ നിർദ്ദേശമനുസരിച്ച് നിക്ഷേപ ബോധവൽക്കരണത്തിനും തട്ടിപ്പുകൾ തടയുന്നതിനുമാണ് മറ്റ് വിപണി അടിസ്ഥാന സൗകര്യ സ്ഥാപനങ്ങളുടെ കൂടി സഹകരണത്തോടെ വൻതോതിലുള്ള ഈ പരിപാടി സംഘടിപ്പിച്ചത്. സാമ്പത്തിക സ്വാതന്ത്ര്യം, സാമ്പത്തിക തട്ടിപ്പുകൾ കണ്ടെത്തൽ, ഉത്തരവാദിത്തത്തോടെയുള്ള നിക്ഷേപം, സാമ്പത്തിക തട്ടിപ്പുകളേയും സൈബർ തട്ടിപ്പുകളേയും കുറിച്ചു മനസിലാക്കൽ തുടങ്ങിയവയിൽ അവബോധം ഉണ്ടാക്കുകയും പേഴ്സണൽ ഫിനാൻസിനെ കുറിച്ചു മനസിലാക്കുകയും ചെയ്യാൻ പോലീസ് ഉദ്യോഗസ്ഥരെ പിന്തുണക്കുന്ന രീതിയിലായിരുന്നു പരിപാടി. സാമ്പത്തിക കുറ്റകൃത്യങ്ങളെ കുറിച്ച് ആദ്യ പ്രതികരണം ലഭിക്കുന്നവർ എന്ന നിലയിൽ തട്ടിപ്പു പദ്ധതികളിൽ നിന്നു ജനങ്ങളെ സംരക്ഷിക്കുന്നതിൽ നിയമപാലക ഉദ്യോഗസ്ഥർക്ക് നിർണായക പങ്കാണു വഹിക്കാനുള്ളത്.നിക്ഷേപകരുടെ പങ്കാളിത്തത്തിൻറെ കാര്യത്തിൽ കേരളം ഗണ്യമായ പുരോഗതിയാണ് കൈവരിച്ചു കൊണ്ടിരിക്കുന്നത്. കേരളത്തിലെ നിക്ഷേപകരുടെ എണ്ണം 2010 സാമ്പത്തിക വർഷത്തിലെ 3.45 ലക്ഷത്തിൽ നിന്ന് 2025 ജനുവരിയിൽ 27.52 ലക്ഷമായി ഉയർന്നു. കേരളത്തിലെ വനിതാ നിക്ഷേപകരുടെ അനുപാതം 2025 സാമ്പത്തിക വർഷത്തിൽ 27.3 ശതമാനമായി ഉയർന്ന് ദേശീയ ശരാശരിയായ 24.2 ശതമാനത്തിലും മുകളിലെത്തി. സംസ്ഥാനത്ത് സാമ്പത്തിക സാക്ഷരതയും നിക്ഷേപ അവബോധവും വർധിക്കുന്നതാണ് ഈ കണക്കുകളിലൂടെ ദർശിക്കാനാവുന്നത്.എല്ലാവരേയും ഉൾപ്പെടുത്തിയുള്ളതും സുരക്ഷിതവുമായ നിക്ഷേപ സാഹചര്യങ്ങളിലേക്കുള്ള അടിത്തറയാണ് സാമ്പത്തിക സാക്ഷരതയും നിക്ഷേപ അവബോധവുമെന്നു തങ്ങൾ വിശ്വസിക്കുന്നതായി എൻഎസ്ഇ മാനേജിങ് ഡയറക്ടറും സിഇഒയുമായ അഷീഷ്കുമാർ ചൗഹാൻ പറഞ്ഞു. ഈ ലക്ഷ്യം കൈവരിക്കുന്നതിലേക്കുള്ള സുപ്രധാന ചുവടുവെയ്പാണ് തൃശൂരിൽ നടത്തിയ വലിയ തോതിലുള്ള ഈ ബോധവൽക്കരണ പരിപാടി. സാമ്പത്തിക തട്ടിപ്പുകൾ കണ്ടെത്തുകയും തടയുകയും ചെയ്യുന്ന കാര്യത്തിൽ കേരളാ പോലീസിനെ ശക്തിപ്പെടുത്തുന്നതായിരുന്നു ഇത്. നിക്ഷേപകരെ സംരക്ഷിക്കുന്നതിൽ അവബോധവും ജാഗ്രതയും വലിയ പങ്കാണു വഹിക്കുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# ആർഡീ എഞ്ചിനീയറിംഗ് ലിമിറ്റഡ് ഐപിഒയ്ക്ക്

**കൊച്ചി:** സംയോജിത ഡിസൈൻ, എഞ്ചിനീയറിംഗ്, നിർമ്മാണ കമ്പനിയായ ആർഡീ എഞ്ചിനീയറിംഗ് ലിമിറ്റഡ് പ്രാഥമിക ഓഹരി വിൽപ്പനയ്ക്ക് (ഐപിഒ) അനുമതി തേടി സെബിയ്ക്ക് കരടു രേഖ (ഡിആർഎച്ച്പി) സമർപ്പിച്ചു. ഹൈദരാബാദ് ആസ്ഥാനമായുള്ള കമ്പനി ഐപിഒയിലൂടെ 580 കോടി രൂപ സമാഹരിക്കാനാണ് ലക്ഷ്യമിടുന്നത്.500 കോടി രൂപയുടെ പുതിയ ഇക്വിറ്റി ഓഹരികളും പ്രമോട്ടർമാരുടെ 80 കോടി രൂപയുടെ ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഓഹരികൾ എൻഎസ്ഇയിലും ബിഎസ്ഇയിലും ലിസ്റ്റ് ചെയ്യും. ഐഐഎഫ്എൽ ക്യാപിറ്റൽ സർവീസസ് ലിമിറ്റഡ്, ജെഎം ഫിനാൻഷ്യൽ ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.

# സാനുമാഷിന് ആദരമൊരുക്കി ലുലു മാൾ

**കൊച്ചി:** ലുലു മാൾ കണ്ടു കഴിഞ്ഞപ്പോൾ തന്റെ 98ാം വയസിൽ അത്ഭുതം കണ്ട അനുഭൂതിയാണ് ഈ വൃദ്ധന് തോന്നുന്നതെന്ന് പ്രമുഖ സാഹിത്യക്കാരൻ പ്രഫ.എം.എ. സാനുമാഷ്.

12 വർഷം പൂർത്തിയായ ലുലുമാളിന്റെ വാർഷിക ആഘോഷത്തിൽ പങ്കെടുക്കുവാൻ എത്തിയതായിരുന്നു പ്രഫ.എം.കെ സാനു. മാളിലേക്ക് സാനുമാഷിനെ കൈപിടിച്ചാണ് ലുലു മാൾ അധികൃതർ വരവേറ്റത്. തുടർന്ന് ഒരു മണിക്കുറിലേറെ സമയം മീഡിയ ഹെഡ് എൻ.ബി സ്വരാജിന്റെ കൈപിടിച്ച് നടന്നു കണ്ടു. സ്നേഹപൂർവ്വം ഇലക്ട്രിക് വീൽചെയറിൽ സഞ്ചരിക്കുവാനുള്ള അഭ്യാർത്ഥന വേണ്ടന്നുപറഞ്ഞായിരുന്നു മാഷിന്റെ നടത്തം. നിരവധി പേർഈ സമയം മാഷിനെകണ്ടപ്പോൾ പരിചയം പുതുക്കുവാനും സെൽഫിയെടുക്കുവാനും തിരക്കുകൂട്ടി.ലുലു റീജണൽ ഡയറക്ടർ സാദിഖ് ഖാസിമും ലുലു ഇന്ത്യ മീഡിയ ഹെഡ് എൻ.ബി സ്വരാജും ചേർന്ന് അദ്ദേഹത്തേ മാളിലെ കാഴ്ചകൾ വിവരിച്ചു നൽകി.ഓരോ കാഴ്ചയും കണ്ട് ലുലുവിനെ കുറിച്ചു ലുലു ഗ്രൂപ്പ് ചെയർമാൻ എം.എ.യൂസഫലിയെ കുറിച്ചുമുള്ള അദ്ദേഹത്തിന്റെ ഓർമകളും പങ്കുവച്ചു.തുടർന്ന് നടന്ന വാർഷികാഘോഷത്തിൽ സാനുമാഷിനെ പൊന്നാട അണിയിച്ചും ഉപഹാരം നൽകിയും ലുലു ഗ്രൂപ്പ് ഇന്ത്യ സി.ഇ.ഒ ആൻഡ് ഡയറക്ടർ

എം.എ നിഷാദ് ആദരിച്ചു. തുടർന്ന് 12മത് വാർഷികാഘോഷം കൂറ്റൻ കേക്ക് മുറിച്ച് സാനുമാഷ് ഉദ്ഘാടനം ചെയ്തു. ലുലു റീജണൽ ഡയറക്ടർ സാദിഖ് ഖാസിം, ലുലു ഇന്ത്യ മീഡിയ ഹെഡ് എൻ.ബി സ്വരാജ്, ലുലു ഇന്ത്യ ഹൈപ്പർമാർക്കറ്റ് ജനറൽ മാനേജർ സുധീഷ് നായർ, കൊച്ചി ലുലുമാൾ ജനറൽ മാനേജർ വിഷ്ണു ആർ നാഥ്, ലുലു ഹൈപ്പർ മാർക്കറ്റ് ജനറൽ മാനേജർ ജോ പൈനേടത്ത് , ലുലുമാൾ ഡെപ്യൂട്ടി ജനറൽ മാനേജർ ജയേഷ് നായർ, ഓപ്പറേഷൻസ് മാനേജർ ഒ.സുകുമാരൻ തുടങ്ങിയവർ സംബന്ധിച്ചു.

# ഇന്ത്യയിൽ കാർ ഉൽപ്പന്നങ്ങൾ നിർമ്മിക്കാനൊരുങ്ങി പയനിയർ

**കൊച്ചി :** 2026ൽ ഇന്ത്യയിൽ കാർ ഉൽപ്പന്നങ്ങൾ നിർമ്മിക്കാനൊരുങ്ങി പയനിയർ കോർപ്പറേഷൻ.2023ൽ രാജ്യത്ത് ഗവേഷണ വികസന കേന്ദ്രം സ്ഥാപിതമായതിനെത്തുടർന്ന്, ഈ സംരംഭത്തിലൂടെ പയനിയർ ഗ്രൂപ്പിന്റെ ഇന്ത്യയിലെ സാന്നിധ്യവും വർധിപ്പിക്കും. കൂടാതെ, പുറത്തുനിന്നുള്ള എക്സിക്യൂട്ടീവുകളെയും വിദഗ്ധരെയും കൊണ്ടുവരികയും ഇന്ത്യയിലും ജർമ്മനിയിലും ഗവേഷണ വികസന സൗകര്യങ്ങൾ സ്ഥാപിക്കുകയും ചെയ്യുന്നതുൾപ്പെടെ ആഗോളതലത്തിൽ ഒരു പ്രധാന സ്ഥാനം കൈവരിക്കാനുള്ള നടപടികൾ കമ്പനി സ്വീകരിച്ചുവരികയാണെന്ന് പയനിയർ ഇന്ത്യ ഇലക്ട്രോണിക്സ് പ്രൈവറ്റ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ അനികേത് കുൽക്കർണി പറഞ്ഞു. പ്രധാന വിപണികളിലൊന്നായാണ് പയനിയർ ഇന്ത്യയെ കണക്കാക്കുന്നത്. പ്രാദേശിക കരാറുകാരുമായി സഹകരിച്ച് കാർ ഉൽപ്പന്നങ്ങളുടെ പ്രാദേശിക ഉൽപ്പാദനം ആരംഭിക്കുക, ബി2ബി വിൽപ്പന, ഗവേഷണ വികസനം മുതൽ നിർമ്മാണം, പോസ്റ്റ് ഡെലിവറി പിന്തുണ വരെയുള്ള കാര്യങ്ങൾ ചെയ്യാനാണ് ലക്ഷ്യമിടുന്നത്.ഓട്ടോമോട്ടീവുകൾക്കായുള്ള ഡിസ്പ്ലേ ഓഡിയോ ഉൽപ്പന്നങ്ങളിൽ നിന്നാണ് പ്രാദേശിക ഉൽപ്പാദനം ആരംഭിക്കുക, കൂടാതെ ഫാക്ടറി ഇൻസ്റ്റാളേഷനും റീട്ടെയിൽ ചാനലുകൾക്കുമായി വിശാലമായ ഇൻകാർ ഉൽപ്പന്നങ്ങളും ഉൾപ്പെടുത്തുന്നതിനായി ഉൽപ്പാദനത്തിന്റെ വ്യാപ്തി വികസിപ്പിക്കുന്നതും കമ്പനി പരിഗണിക്കും. പ്രാദേശിക ഉൽപാദനം ആരംഭിക്കുന്നത് സർക്കാരിന്റെ 'മെയ്ക്ക് ഇൻ ഇന്ത്യ" യുടെ ഭാഗം കൂടിയാണ്.ഇന്ത്യയിൽ കാറുകൾക്കുള്ളിലെ ഉൽപ്പന്നങ്ങളുടെ നിർമ്മാണം ആരംഭിക്കുന്നതിൽ ഞങ്ങൾ ആവേശഭരിതരാണ്. ഇന്ത്യൻ വാഹന വ്യവസായത്തിലെ പ്രധാനികളിൽ ഒരാളായി പയനിയർ മാറുകയും ദീർഘകാലാടിസ്ഥാനത്തിൽ ഞങ്ങളുടെ ആഗോള ബിസിനസിന്റെ വളർച്ചയെ നയിക്കുകുന്നതിലെക്കുള്ള ഒരു വലിയ ചുവടുവയ്പ്പാണിതെന്ന് പയനിയർ കോർപ്പറേഷന്റെ പ്രസിഡന്റും സിഇഒയുമായ ഷിരോ യഹാര പറഞ്ഞു.

